മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 4 | 1950 മാച്ച് * കുംഭം 1125 | ലക്കം 5

(4-ാംപേജിൽനിന്നും തുടർച്ച)

നാൽ തുബദേനിൽ മാർ ബസ്സേലിയോസിൻെറ (കാതോലിക്കായുടെ) നാമം ഓക്കേണ്ട ആവശ്യമില്ലല്ലോ എന്നു പരേതനായ കോനാട്ടു മാത്തൻമല്പാൻ അവർകൾ വി. പത്രോസ് പാത്രിയക്കീസിനെ അറിയിച്ചപ്പോൾ, ഇപ്പോൾ ഇല്ലെങ്കിൽ പിന്നാലെ ഉണ്ടായിക്കൊള്ളും, അതിനാൽ തുബദേനിൽനിന്നു് ആ പേരു നീക്കിക്കൂടാ എന്നാണു് ആ തിരുമേനി കല്പിച്ചതു്. അദ്ദേഹത്തിൻെറ പ്രവചനനിവൃത്തിയെന്നവണ്ണം ഇപ്പോൾ നമുക്കു് ഒരു കാതോലിക്കാസിംഹാസനവും ആ സിംഹാസനത്തിൽ ഒരു കാതോലിക്കാബാവായുമുണ്ടു്. എന്നാൽ ഈ കാതോലിക്കാസിംഹാസനത്തിൻകീഴിൽ നിൽക്കാതെ അതിനെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്ന ഒരു കക്ഷി ഇന്നു മലങ്കരയിലുണ്ടു്. കാതോലിക്കാസിംഹാസനം പാത്രിയർക്കീസുമായുള്ള ബന്ധത്തിനു വിഘാതമായി വരുമോ എന്നു് അവർ ഭയപ്പെടുന്നു. പാത്രിയക്കീസും കാതോലിക്കായും ഒരു സഭയിലെ രണ്ടു സുപ്രധാന അധികാരസ്ഥാനങ്ങളത്രെ. ഇവർ തമ്മിലുള്ള ബന്ധത്തിനും പെരുമാററത്തിനും സഭയുടെ കാനോനിൽ വ്യവസ്ഥയുണ്ടു്. ആ കാനോൻ വ്യവസ്ഥകൾ ആദരിക്കപ്പെട്ടാൽ മതി ഇന്നത്തെ ഭിന്നതകൾ തീരുവാൻ.

ഇക്കഴിഞ്ഞ ജനുവരി 26-ാംതീയതി ഇൻഡ്യ ഒരു സ്വതന്ത്രപരമാധികാരറിപ്പബ്ളിക്കായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഭാരതം ഇനി പരാധീനയല്ല. പുരോഗമനത്തിനുള്ള സാദ്ധ്യതകൾ ഇന്ത്യയ്ക്കു വേണ്ടുവോളമുണ്ടു്. ഇങ്ങനെ സർവസ്വതന്ത്രയായ ഇന്ത്യയിൽ ക്രിസ്തുവിനെ ഘോഷിക്കുവാൻ ഒരു വിദേശസഭയ്ക്കുള്ള സാദ്ധ്യതകൾ തുലോം ചുരുക്കമാണു്. രാഷ്ട്രീയമോ, ആത്മീയമോ, വൈദികമോ ആയ എല്ലാ വൈദേശിക മേധാവിത്വത്തെയും അവൾ വെറുക്കുന്നു. ആകയാൽ ഇന്ത്യയിലെ ഏക ദേശീയ സഭയായ മലങ്കരസഭയ്ക്കു മാത്രമെ ഇവിടെ വികസിപ്പാൻ സാധിക്കയുള്ളു. നമ്മുടെ ആരാധനകൾ സ്വർഗ്ഗീയങ്ങളും ആചാരാനുഷ്ഠാനങ്ങൾ ആകർഷണീയങ്ങളും വിശ്വാസം നിർമ്മലവുമാണു്. സംസ്ക്കാരംകൊണ്ടും പാരമ്പര്യംകൊണ്ടും നാം ആരുടെയും പിന്നിലല്ല. നമ്മുടെ ബുദ്ധിശക്തിയും സിദ്ധിവിശേഷങ്ങളും മലങ്കരസഭയുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കപ്പെടേണ്ടതാണു്. ഇൻഡ്യയുടെ നാനാഭാഗത്തും മിഷ്യനറിവേല നടത്തുവാനും ഇടവകകൾ രൂപീകരിക്കുവാനും മെത്രാസനങ്ങൾ സ്ഥാപിക്കുവാനും നമുക്കു് ആവശ്യമുണ്ടു്. ഇവിടെയെല്ലാം വേലചെയ്യുവാൻ മിഷ്യണറിമാരും പട്ടക്കാരും മേൽപ്പട്ടക്കാരും നമുക്കാവശ്യമാണു്. നമ്മുടെ സഭയിൽ ക്രിസ്തീയമായ വികസനത്തിനുള്ള യാതൊരുവിധ അസൗകര്യങ്ങളുമുണ്ടായിക്കൂടാ. വല്ല തടസ്സങ്ങളുമുള്ളപക്ഷം അവയെ തട്ടിനീക്കി മുമ്പോട്ടു പോകുവാനുള്ള സന്നദ്ധത വേണം. ഇൻഡ്യയിലെ സഭയുടെ പ്രവത്തനങ്ങളെ കേന്ദ്രീകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, അനുഗ്രഹിക്കുന്നതിനും ഇന്ത്യയ്ക്കു വെളിയിലുള്ള പൗരസ്ത്യരാജ്യങ്ങളിൽ മിഷ്യണറിമാരെ അയയ്ക്കുന്നതിനും പ്രയാസഘട്ടങ്ങളിൽ സജീവമായ നേതൃത്വം നൽകുന്നതിനും കാതോലിക്കാസ്ഥാപനം അപരിത്യാജ്യമത്രെ.

അടുത്തുവരുന്ന കാതോലിക്കാദിനത്തിൽ ഇടവകകൾ സംഘടിച്ചു വിപുലമായതോതിൽ ആത്മവീര്യത്തോടുകൂടി സമ്മേളനങ്ങൾ നടത്തുകയും കാതോലിക്കാസ്ഥാപനത്തെപ്പററി വിജ്ഞാനപ്രദങ്ങളായ അറിവുകൾ സമ്പാദിക്കുവാൻ ആ അവസരം വിനിയോഗിക്കുകയും ചെയ്യുമെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടു്. നമ്മുടെ ചെറുപ്പക്കാർ ഊർജ്ജസ്വലരാണു്. പ്രവത്തനനിരതരാണു്. അവർക്കു സഭയെപ്പററിയും അതിൻെറ വിശ്വാസത്തെപ്പററിയും ചരിത്രത്തെപ്പററിയും ശരിയായ ജ്ഞാനം നൽകുന്നതിനുള്ള പരിപാടികൾ ഇടവകപ്പട്ടക്കാർ സ്വീകരിക്കുമെങ്കിൽ അതു വലിയ ഒരു നേട്ടമായിരിക്കും. കാതോലിക്കാദിനത്തിൽ നടത്തപ്പെടുന്ന ആഘോഷങ്ങളും പ്രസംഗങ്ങളും സഭാസ്നേഹം വളത്തുന്നതിനും സമുദായബോധം പുലത്തുന്നതിനും പര്യാപ്തങ്ങളായിരിക്കണം. അന്നേദിവസം ഓരോ ഇടവകകളിൽനിന്നും വി. കാതോലിക്കാബാവാ തിരുമനസ്സിലേക്കു മംഗളാശംസകൾ അയയ്ക്കപ്പെടണം. അവ, വി. കാതോലിക്കാസിംഹാസനത്തിൻെറ പിന്നിൽ അണിനിരന്നു

(ശേഷം 25-ാംപേജിൽ)

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നത്.

പുസ്തകം 4 | 1950 മാർച്ച് * കുംഭം 1125 | ലക്കം 5

കല്പന.

നമ്പർ 508.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്നു അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ (മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വു്.

പ്രിയരെ,

വലിയനോമ്പ് ആരംഭിച്ചിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. ഈ നോമ്പ് സത്യ അനുതാപത്തോടുകൂടി നിങ്ങൾ ആചരിക്കണം. ക്രൈസ്തവസഭകൾക്കും ദൈവത്തിനും എതിരായ സംഘടനകൾ ലോകത്തിൽ പലയിടത്തും ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ചു നമ്മുടെ സഭ ഒരു ദുർഘടഘട്ടത്തിൽ കൂടി പൊയ്ക്കൊണ്ടിരിക്കയാണ്. ഈ അപകടസന്ധിയെ വിജയപൂർവ്വം തരണംചെയ്വാൻ നാം ദൈവാശ്രയപൂർവ്വം ജീവിക്കണം. ദൈവമാണു നമ്മുടെ രക്ഷാകേന്ദ്രം. അവിടുത്തെ തിരുവിഷ്ടപ്രകാരം ജീവിച്ചാൽ ഭയത്തിനു് അവകാശമില്ല. അവിടുത്തേക്കു കഴിയാത്ത കാര്യം ഒന്നുംതന്നെയില്ല. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ ആചരിപ്പിൻ" എന്നു താൻ കല്പിച്ചിരിക്കുന്നു. തന്റെ കല്പനകൾ സന്മാർഗ്ഗത്തെപ്പററിയും വിശ്വാസാചാരങ്ങളെപ്പററിയും മററുമാകുന്നു. അവയിൽ പ്രധാനപ്പെട്ട ഒരു കല്പന "സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ" എന്നതാണ് ആകയാൽ സഭയുടെ കല്പനകളെ നാം അഗണ്യമായി വിചാരിക്കരുതു്. മാതാപിതാക്കന്മാരെ ബഹുമാനിക്കണം, വ്യഭിചാരം ചെയ്യരുതു്, മോഷ്ടിക്കരുതു് എന്നി പ്രകാരമുള്ള കല്പനകളിൽ ഒട്ടും അപ്രധാനമല്ല സഭയെ കേൾക്കണമെന്നുള്ളതു്. അതിന്റെ പ്രാധാന്യത അറിയേണ്ടുന്നതിനായിട്ടാണ് വി. പിതാക്കന്മാർ വിശ്വാസപ്രമാണത്തിൽ സഭയെപ്പററി പറഞ്ഞിരിക്കുന്നതു്. പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും വിശ്വസിക്കുന്നതുപോലെതന്നെ "കാതോലിക്കായിക്കും ശ്ലീഹായ്ക്കും അടുത്ത ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നു നാം ഏററുപറയുന്നു. സഭയുടെ കല്പനകളിൽ പ്രധാനമായിട്ടുള്ളതു വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗത്തെപ്പററിയാണ്. വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗവും അരിഷ്ടമായ സ്നേഹവും നാം കുമ്പസാരിക്കുമ്പോൾ ഏററുപറയേണ്ട പാപങ്ങളാണ്. ഹൂദായകാനോൻ ഒന്നാം അദ്ധ്യായം ഒന്നാം പാദസാക്കയിൽ പൌലൂസു ശ്ലീഹായുടെ അഭിപ്രായം ശ്ലീഹന്മാരുടെ കാനോനിൽനിന്നു് ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു. "എപ്പിസ്ക്കോപ്പാ, അവിശ്വാസികളുടെ നിമിത്തം പള്ളിയിൽ പോകാൻ നിവൃത്തിയില്ലെങ്കിൽ ദുഷ്ടന്മാരുടെ പള്ളിയിലേക്കു വിശ്വാസികൾ പ്രവേശിക്കാതിരിക്കേണ്ട

തിന്നു ഭവനത്തിൽ അവരെ കൂട്ടിക്കൊൾക. എന്നാൽ ഭവനത്തിലും പള്ളിയിലും കൂടുവാൻ നിവൃത്തിയില്ലെങ്കിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു പ്രാർത്ഥിക്കയോ ഓരോരുത്തരും തന്നെത്താൻ പ്രാർത്ഥിക്കയോ ചെയ്യട്ടെ.” അഞ്ചാംഅദ്ധ്യായം അഞ്ചാംപാരേസാക്കയിൽ പൌലൂസ്സ്ലീഹായുടെ അഭിപ്രായം വീണ്ടും നാം ഇപ്രകാരം കാണുന്നു. “വിശ്വാസി, ശേമ്മാശ (കേൾവിക്കാർ) യുടെ കൂടെയോ, വിശ്വാസവിപരീതികളോടുകൂടെയോ ഭവനത്തിൽവച്ചുപോലും പ്രാർത്ഥിച്ചുകൂടാ.” ശ്ലീഹന്മാരിൽ പ്രധാനിയായ പൌലൂസ്സ്ലീഹായുടെ അഭിപ്രായവും സഭയുടെ അഭിപ്രായവും കർത്താവിന്റെ അഭിപ്രായവും ഒന്നുതന്നെയാണ്. അതിനു വിരോധമായി പ്രവർത്തിക്കുന്നതു പാപമാണ്. നമ്മുടെ സഭ പുരാതനവും ലോകമാകെ അംഗീകരിക്കപ്പെട്ടതുമത്രെ. റോമ്മാ, ഗ്രീക്ക് മുതലായ വലിയ എപ്പിസ്കോപ്പൽ സഭകൾ നമ്മുടെ കൈവെപ്പിനെയും കൂദാശകളെയും തർക്കംകൂടാതെ സ്വീകരിക്കുന്നുണ്ട്. എന്നാൽ നാം പ്രോട്ടസ്റ്റന്റു സഭകളുമായി കൂടിക്കഴിഞ്ഞാൽ നമ്മുടെ ഈ സ്ഥാനം നഷ്ടപ്പെട്ടുപോകുന്നതാണ്. മാർത്തോമ്മാ, സൌത്തിൻഡ്യൻ യൂണിയൻ, തൊഴിയൂർ എന്നീ സഭകളും നമ്മുടെ സഭയും ആത്മീകവും ലൗകീകവുമായ കാര്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കണമെന്നും അതു ദൈവേഷ്ടമാണെന്നും അതിനു ജനസംഘടനകൾ സഹകരിച്ചു പരിശ്രമിക്കണമെന്നും ചിലർക്ക് അഭിപ്രായമുള്ളതായി പത്രങ്ങളിൽ കണ്ടു. ക്രൈസ്തവസഭകളുടെ ഐക്യം വളരെ നല്ലതുതന്നെ. അതിനായി നാം പ്രാർത്ഥിക്കുന്നു. എന്നാൽ വിശ്വാസത്തിൽ യോജിച്ചില്ലെങ്കിൽ സഭകൾ തമ്മിൽ എങ്ങനെ യോജിക്കും? അവിശ്വാസിയും വിശ്വാസിയും കൂടെ എങ്ങനെ ഒരുമിച്ചു പ്രാർത്ഥിക്കും? വിശ്വാസവിപരീതികളോടുള്ള കൂട്ടായ്മ നമ്മുടെ സഭക്കു നാശകരമായിരിക്കും. കായേനും ശേത്തും ഒരേ മാതാപിതാക്കന്മാരുടെ മക്കളാണ്. അവരുടെ യോജിപ്പ് ഒന്നാമത്തെ ലോകത്തിന്റെ നാശത്തിനു കാരണമാക്കി. അതുകൊണ്ടു വിശ്വാസവിപരീതികളോടു നമുക്ക് ഒരു കൂട്ടായ്മയും പാടില്ല. അങ്ങനെ ആരെങ്കിലും കൂട്ടുപിടിച്ചാൽ അവർ ദൈവത്തിന്റെ വിരോധികളാകും. അന്ധകാരത്തിന്റെ ദൂതൻ പ്രകാശത്തിന്റെ ദൂതന്റെ വേഷം എടുക്കുന്നതുപോലെ അവന്റെ ശിഷ്യന്മാർ അപ്പോസ്തോലന്മാരുടെ വേഷമെടുക്കുന്നുവെന്ന് അപ്പോസ്തോലൻ എഴുതിയിരിക്കുന്നു. ‘കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്ന ഓനായ്ക്കളെ സൂക്ഷിച്ചുകൊൾക’ എന്നു നാം വായിക്കുന്നു. കർത്താവു കല്പിക്കുന്നു, വിരുന്നുഭവനത്തിൽ കല്യാണവസ്ത്രം കൂടാതെ, അതായതു പരിശുദ്ധ കൂദാശകൾ കൂടാതെ, പ്രവേശിച്ചവന്റെ കൈകളും കാലുകളും കെട്ടി പുറത്തെ അന്ധകാരത്തിലേക്ക് അവനെ തള്ളുക എന്ന്. “കർത്താവേ, കർത്താവേ എന്നു തന്നോടു പറയുന്നവരെല്ലാം ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല. സ്വർഗ്ഗത്തിലുള്ള പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമേ പ്രവേശിക്കയുള്ളു” സ്വർഗ്ഗത്തിലുള്ള പിതാവിന്റെ ഇഷ്ടം പുത്രന്റെ കല്പനയെ അനുസരിക്ക എന്നുള്ളതാണ്. പുത്രന്റെ കല്പന സഭയെ കേൾക്കണമെന്നാണ്. അതുകൊണ്ടു സഭക്കു വിരോധമായി നാം ഒന്നും പ്രവർത്തിക്കരുത്. അങ്ങനെ ചെയ്വാൻ ആർക്കും അധികാരമില്ല. അതിനാൽ ആത്മീയമായ കാര്യങ്ങളിൽ അവിശ്വാസികളോട് അതായതു വിശ്വാസവിപരീതികളോടു നമുക്കു യാതൊരു സംബന്ധവും ഉണ്ടായിക്കൂടാ. യാതൊരു ആത്മീയബന്ധവും ഉണ്ടായിക്കൂടാ. അതിനു വിരോധമായി പറയുന്നവൻ വി. പൌലൂസ് പറയുന്നവണ്ണം മാലാഖാ ആയാലും, മനുഷ്യനായാലും അവൻ ശപിക്കപ്പെട്ടവനായിരിക്കും. പരിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിട്ടുള്ളതും നമ്മുടെ വി. സഭ അഭംഗം പാലിച്ചുവരുന്നതുമായ സത്യവിശ്വാസത്തിൽ ഐക്യപ്പെടുന്നതുവരെ മാർത്തോമ്മാ സഭയോടോ തെന്നിന്ത്യൻ ഐക്യസഭയോടോ നമുക്കു യാതൊരു ബന്ധവുമില്ല. ഇതു നിങ്ങൾ നല്ലവണ്ണം ഗ്രഹിക്കണം. നമ്മുടെ അഭിപ്രായമല്ല ദൈവത്തിന്റെ അഭിപ്രായമാണു നാം പറയുന്നത്.

നമ്മുടെ എല്ലാ ഇടവകകളിലും യുവജനസംഘടനകൾ രൂപീകരിക്കണമെന്നു നാം നിർദ്ദേശിച്ചിരുന്ന വിവരം അനുസ്മരിപ്പിക്കുന്നു. ഏതെങ്കിലും ഇടവകയിൽ അവ ഇതുവരെയും രൂപീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ എത്രയുംവേഗം അവ സംഘടിപ്പിക്കേണ്ടതാകുന്നു. അവക്ക് ഒരു ഭരണഘടന നമ്മുടെ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഘടനയുടെ പ്രതികൾ ആവശ്യമുള്ളവർക്കു നമ്മുടെ ആപ്പീസിൽനിന്നും അയച്ചുതരുന്നതായിരിക്കും. യുവജനസംഘങ്ങളുടെ പ്രവർത്തനങ്ങൾ ആ ഭരണഘടനക്കും മെത്രാപ്പോലീത്തന്മാർ അപ്പഴപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കണം. നമ്മുടെ യുവജനങ്ങൾ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന യാതൊരു സംഘടനകളിലും ചേരുവാനും അങ്ങനെയുള്ള സംഘടനകൾ നമ്മുടെ ഇടവകകളിൽ നടത്തുവാനും പാടില്ലാത്തതാകുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ—ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........ഇത്യാദി.

എന്ന്, 1950-നു കൊല്ലം 1125 കുംഭം 18-ാം നു- കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

—•—•—

പത്രാധിപക്കുറിപ്പുകൾ.

——

വലിയനോമ്പ്

ഇപ്പോൾ വലിയനോമ്പുകാലമാണല്ലൊ. നോമ്പ് പ്രൊട്ടസ്റ്റൻറുസഭക്കാർക്ക് ആക്ഷേപകരവും സുറിയാനിക്കാർക്ക് ഭാരവുമായിട്ടാണ തീർന്നിരിക്കുന്നതു്. വേദപുസ്തകം ഏക ആധാരമായി കരുതുന്ന പ്രൊട്ടസ്റ്റൻറുകാർ, പഴയനിയമവും പുതിയനിയമവും ഒരുപോലെ പ്രാധാന്യം കല്പിക്കുന്ന നോമ്പിനെ അവഗണിക്കുന്നതിന്റെ സാംഗത്യം മനസ്സിലാക്കാൻ കഴിയുന്നില്ല. പ്രൊട്ടസ്റ്റൻറുകാരെ അനുകരിച്ചു നോമ്പിനെ അപരിഷ്കൃതമെന്നു മാനസ്സികമായെങ്കിലും വിചാരിക്കുന്ന സുറിയാനിക്കാർക്ക് നോമ്പുകൊണ്ടുള്ള ആത്മീയഫലങ്ങൾ ഉണ്ടാകാത്തതാണ നോമ്പു ഭാരമാകുന്നതിന്റെ കാരണം. ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിക്ക മാത്രമാണ നോമ്പുകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ആത്മീയാനുഭവങ്ങളില്ലാത്ത ഉണങ്ങിവരണ്ട നോമ്പനുഷ്ഠാനം പലർക്കും ദുസ്സഹമായി തോന്നുന്നെങ്കിൽ അത്ഭുതപ്പെടാനില്ല.

നോമ്പിനെ നാം ആത്മീയമാക്കണം. ഭക്ഷണസാധനങ്ങൾ വർജ്ജിക്കുന്നതിന്റെ പ്രധാന ഉദ്ദേശം. ശരീരത്തെ കീഴ്പ്പെടുത്തി ലോകത്തോടുള്ള നമ്മുടെ ബന്ധത്തെ വേർപെടുത്തി, വേദവായന, ധ്യാനം, പുണ്യപ്രവൃത്തികൾ മുതലായവയിൽ നാം ഉത്സുകരായി നമ്മുടെ അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തുക എന്നുള്ളതാണ. നോമ്പിന്റെ ബാഹ്യചടങ്ങുകളിൽ നാം യഹൂദന്മാരെ അതിശയിക്കത്തക്കവണ്ണം അതീവ നിഷ്ഠയുള്ളവരായും അതിന്റെ ആന്തരീയ ആത്മീയ ഫലങ്ങളെപ്പററി തീരെ ശ്രദ്ധയില്ലാത്തവരായും ഇരിക്കുന്നതാണ നോമ്പിനു് അടുത്തകാലത്തുണ്ടായിട്ടുള്ള അധഃപതനത്തിന്റെ കാരണം. ഈ നോമ്പുകാലത്തു നാം നോമ്പിനെ തികച്ചും ആത്മീയമാക്കാനാണ ശ്രമിക്കേണ്ടതു്.

മലങ്കരസഭയിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമം തീവ്രമായി നടന്നുകൊണ്ടിരിക്കയാണല്ലൊ. എല്ലാ സന്ധി ശ്രമങ്ങളിലും ദൈവഹിതമനുസരിച്ചു പ്രവർത്തിക്കാതെ മനുഷ്യബുദ്ധിയിൽ മാത്രം ആശ്രയിച്ചു സമാധാനം കാണാൻ ശ്രമിക്കുന്നതാണ് സമാധാനവിളംബത്തിനു കാരണം. ആർഭാടതകളോ മുദ്രാവാക്യങ്ങളോ സമാധാനസംപ്രാപ്തിക്കു വഴിതെളിയിക്കയില്ല. നമ്മുടെ തെററുകളേയും അധർമ്മങ്ങളേയുംപററി മനഃപൂർവം പശ്ചാത്തപിച്ചു നോമ്പോടും കണ്ണുനീരോടും പ്രാർത്ഥനയോടുംകൂടി ദൈവത്തെ സമീപിക്കണം. മാനുഷബുദ്ധിക്ക് അതീതമായി വ്യാപരിക്കുന്ന ദൈവശക്തിയിൽ ദൃഢമായി ആശ്രയിക്കണം. മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യയിലെ പുരാതനസഭ ഈ രാജ്യത്തു ദൈവത്തിന്റെ ഹിതം നിറവേററുന്നതിനു സഹായകരമായ തരത്തിൽ ആ സഭയെ മുമ്പോട്ടു കൊണ്ടുപോകത്തക്കവണ്ണം എല്ലാവരും പൈശാചികമായ എല്ലാ പാരതന്ത്ര്യത്തിൽനിന്നും മുക്തരായി ഉള്ളഴിഞ്ഞു പ്രവർത്തിക്കുന്നതിന് തങ്ങളെ പ്രാപ്തരാക്കുന്നതിന് ഈ നോമ്പു പ്രത്യേകം ഉപയോഗിക്കാം.

കാതോലിക്കാദിനം.

വലിയനോമ്പിലെ മുപ്പത്താറാം ഞായറാഴ്ച നമുക്കു കാതോലിക്കാദിനമാകുന്നു്. ഈ ദിന

ത്തെ ആഘോഷപൂർവ്വം കൊണ്ടാടേണ്ടതു നാമോരോരുത്തരുടേയും ചുമതലയത്രെ.

കാതോലിക്കാസിംഹാസനത്തിനു് ഓർത്തഡോക്സ് (യാക്കോബായ) സഭയിൽ പുരാതനമായ ഒരു ചരിത്രവും പാരമ്പര്യവുമുണ്ട്. പണ്ഡിതനായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ ചരിത്രത്തിൽ കാണുന്നപ്രകാരം ക്രി. 230മുതൽ കാതോലിക്കാസ്ഥാപനം സഭയിൽ നിലനിന്നുവരുന്നതാണു്. റോമാ, അലക്സന്ത്ര്യാ, അന്തോക്യാ എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാർക്കു് ആ സ്ഥാനനാമം സിദ്ധിക്കുന്നതിനു 94 വർഷം മുമ്പുതന്നെ സെലൂക്യാ ആസ്ഥാനമാക്കി പേർഷ്യൻ ഇടവകകൾ ഭരിച്ചുകൊണ്ടിരുന്ന പൗരസ്ത്യ മേല്പട്ടക്കാരനു കാതോലിക്കാ എന്നും പാത്രിയർക്കീസ് എന്നും ഉള്ള സ്ഥാനനാമം സിദ്ധിച്ചിരുന്നു. ക്രി. 230-ൽ യരുശലേം സുന്നഹദോസ്, പൗരസ്ത്യ മേല്പട്ടക്കാരനായിരുന്ന ആഹോദാബ്ബൂയിക്കു നൽകിയ സ്ലാത്തിക്കോനിൽ ഈ വിവരം വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്രി. 325-ൽ നിഖ്യായിൽ സമ്മേളിച്ച ആകമാനസുന്നഹദോസ് യരുശലേം സുന്നഹദോസ് നിശ്ചയത്തെ നിഖ്യായുടെ നിശ്ചയമായി സ്വീകരിച്ചുകൊണ്ടു് അതിനു നിയമപ്രാബല്യം കൊടുക്കയാണുചെയ്തതു്. റോമൻസാമ്രാജ്യത്തിനു വെളിയിലുള്ള പേർഷ്യാ തുടങ്ങിയ പൗരസ്ത്യദേശങ്ങളുടെ ആത്മീക ഭരണഭാരം തന്നിൽ നിക്ഷിപ്തമായിരുന്നതിനാൽ കാതോലിക്കാമാർ പൗരസ്ത്യരാജ്യങ്ങളിലൊന്നായ ഇന്ത്യയിലും മേല്പട്ടക്കാരെ അയച്ചു ഭരണം നടത്തിവന്നു. നിഖ്യാ സുന്നഹദോസിൽതന്നെ പേർഷ്യായിൽനിന്നുള്ള മാർ യൂഹാനോൻ മെത്രാൻ ഇന്ത്യയെ പ്രതിനിധീകരിച്ചതായി നാം കാണുന്നു.

പേർഷ്യാരാജാവായിരുന്ന സാപ്പോർ ദ്വിതീയൻ ക്രി. 339 മുതൽ 379വരെ പേർഷ്യൻ ക്രിസ്ത്യാനികളെ കഠിനമായി പീഡിപ്പിച്ചു 40 വർഷം നീണ്ടുനിന്ന ഈ ഉഗ്രമായ പീഡയിൽ മാർ ശെമഓൻ ബർ സബഏ, ശാഹോദോത്തു്, ബർ ബോശേമിൻ എന്നീ കാതോലിക്കാമാരും അസംഖ്യം മേല്പട്ടക്കാരും പട്ടക്കാരും വിശ്വാസികളും രക്തസാക്ഷി കിരീടം ചൂടി ചിലർ പ്രാണരക്ഷാർത്ഥം വിദേശങ്ങളിലേക്കു് ഓടി. അങ്ങനെ ഓടിപ്പോയവരിൽ ഒരുക്കൂട്ടമാണു ക്നായിത്തോമ്മായോടുകൂടി കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതു്. മാർ ജോസഫ് എന്ന ഒരു മെത്രാനും പട്ടക്കാരും അവരോടുകൂടി ഉണ്ടായിരുന്നു. അവർ കാതോലിക്കായുടെ അനുമതിയോടും ആശീർവാദത്തോടുംകൂടിയാണു് ഇവിടെ വന്നതെന്നുള്ളതിനു 'തെക്കുംഭാഗ'രുടെ ഇടയിലെ പഴയ പാട്ടുകൾ സാക്ഷ്യം വഹിക്കുന്നു. ഈ തോമ്മാ ബാഗ്ദാദിനടുത്തു സ്ഥിതിചെയ്യുന്ന കാനാ എന്ന ചെറുദ്വീപിൽനിന്നുള്ളവനാകയാലത്രെ ക്നായിത്തോമ്മാ എന്നു പറയപ്പെടുന്നതു്. ഈ കുടിയേററം ക്രി.345-ൽ സംഭവിച്ചു. കോട്ടയം വലിയപള്ളി, കടമററം തുടങ്ങിയ പള്ളികളിലെ പേർഷ്യൻ കുരിശുകൾ, വി. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ആഗമനംവരെ മലങ്കരസഭയിൽ ഉപയോഗത്തിലിരുന്ന കൽദായസുറിയാനിഭാഷ, ഇവിടെ ആചരിച്ചു വരുന്ന നോമ്പു്, എന്നിങ്ങനെയുള്ള പല കാര്യങ്ങൾ മലങ്കരസഭയും കാതോലിക്കാസ്ഥാപനവും തമ്മിലുള്ള ബന്ധത്തെ വിളിച്ചറിയിക്കുന്നു. 1685, 1751 എന്നീ വർഷങ്ങളിൽ രണ്ടു കാതോലിക്കാമാർ തന്നെ മലങ്കരയിൽ എഴുന്നെള്ളി. ഈ മലങ്കരയിൽ തന്നെ അവരന്ത്യവിശ്രമംകൊള്ളുന്നു. 1751-ൽ മലങ്കരയിൽ എഴുന്നെള്ളിയ കാതോലിക്കായുടെകൂടെയുണ്ടായിരുന്ന മാർ ഗ്രീഗോറിയോസ് ബാവായാൽ മെത്രാപ്പോലീത്താസ്ഥാനത്തേക്കുയർത്തപ്പെട്ട കാട്ടുമങ്ങാട്ടു മാർ കൂറിലോസിന്റെ പിൻഗാമിയായ മാർ പീലക്സീനോസ് (തൊഴിയൂർ) മെത്രാപ്പോലീത്തായിൽനിന്നാണു മലങ്കരസഭാധ്യക്ഷന്മാരായിരുന്ന മാർ ദീവന്നാസ്യോസ് രണ്ടാമനും മാർ ദീവന്നാസ്യോസ് മൂന്നാമനും മാർ ദീവന്നാസ്യോസ് നാലാമനും മേല്പട്ടസ്ഥാനം പ്രാപിച്ചതു്. അങ്ങനെ മാർ മതൂസ് അത്താനാസ്യോസിനു് അടുത്തു മുമ്പുവരെ പൗരസ്ത്യ കാതോലിക്കാ മൂലമുള്ള കൈവെപ്പത്രെ ഇവിടെ നിലവിലിരുന്നതു്.

ഇടക്കാലത്തു കാതോലിക്കാസിംഹാസനത്തിൽ ആളില്ലാതെ വരുകയുണ്ടായി. അതി

(ശേഷം കവർ രണ്ടാംപേജിൽ)

ചൈനായിലെ സിറിയൻ മിഷ്യൻ.

(മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, ബി. ഏ. ബി. ഡി, എൽ. ററി.,)

തത്വജ്ഞാനിയായ കൺഫ്യൂഷ്യസ്സിന്റെ മതമാണു ചൈനായിൽ വളരെക്കാലം പ്രബലപ്പെട്ടിരുന്നതു്. ബുദ്ധനും കൺഫ്യൂഷ്യസ്സും സമകാലീനന്മാർ ആയിരുന്നു. ഗാന്ധാരത്തിൽ വച്ചു നടന്ന കനിഷ്കമഹാരാജാവിന്റെ ബുദ്ധമതമഹായോഗത്തിന്റെ ശേഷമാണു് ക്രിസ്താബ്ദം ഒന്നാംനൂററാണ്ടിൽ ബുദ്ധമതം ഇന്ത്യയിൽനിന്നു ചൈനായിലേക്കു പ്രവേശിച്ചതു്. നാലാംനൂററാണ്ടിൽ അമ്പതിനായിരം ബുദ്ധമതാശ്രമങ്ങളും രണ്ടുലക്ഷം സന്യാസികളും സന്യാസിനികളും ചൈനായിൽ ഉണ്ടായിരുന്നു. ഏഴാംനൂററാണ്ടിൽ പേർഷ്യായിൽനിന്നു ക്രിസ്തുമതം ചൈനായിലേക്കു കടന്നു. ഏകദേശം ആയിരം സുറിയാനി വൈദികന്മാർ ചൈനായിൽ ക്രിസ്തുമതപ്രചാരാർത്ഥം വേലചെയ്തിരുന്നതായി രേഖകളുണ്ടു്. ആധുനികകാലത്തു ചൈനായിലും ജപ്പാനിലും ക്രിസ്തുമതത്തിനു വലിയ കയററമാണുള്ളതു്. യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും അനേകം മിഷ്യനറിസംഘങ്ങൾ അവിടെ പോയി വേലചെയ്യുന്നുണ്ടു്. ചൈനായിലെ പ്രധാനമന്ത്രി ഡോക്ടർ പോൾ ക്രിസ്ത്യാനിയായിരുന്നു. ഇപ്പോഴും അനേകം വലിയ ഉദ്യോഗസ്ഥന്മാർ ക്രിസ്ത്യാനികളാണു്. സർവകലാശാലകളിലും മററു മതങ്ങളെ അപേക്ഷിച്ചു ക്രിസ്തുമതത്തിനു വലിയ സ്ഥാനമാണുള്ളതു്. ഇപ്പോൾ ചൈനായിലെ ജനങ്ങൾ ക്രിസ്തുമതത്തോടു കാണിക്കുന്ന വലിയ പ്രതിപത്തിയുടെ ഒരു കാരണം അനേക ശതാബ്ദങ്ങൾക്കു മുമ്പ് അവരുടെ പൂർവീകന്മാരിൽ പലരും ക്രിസ്ത്യാനികൾ ആയിരുന്നു എന്നുള്ളതാണു്. പൂർവീകന്മാരുടെയും പിൻഗാമികളുടെയും ചിന്തകൾ തമ്മിൽ സാമ്യമുണ്ടായിരിക്കുക സാധാരണമാണല്ലോ. ചൈനായിലെ പുരാതനമായ സിറിയൻ മിഷനെപ്പററി ആർക്കും ഓർമ്മയും വിവരവും ഇല്ലാതിരിക്കുമ്പോഴാണു പതിനേഴാംനൂററാണ്ടിൽ ലിഖിതത്തോടുകൂടിയ ഒരു കരിങ്കൽസ്തംഭം ചൈനായിൽ കണ്ടുകിട്ടിയതു്. പ്രസിദ്ധപ്പെട്ട ഈ സ്തംഭത്തിൽനിന്നാണു പ്രസ്തുത മിഷ്യനെപ്പററി ലോകർക്കു ജ്ഞാനം ലഭിക്കുന്നതു്.

ചൈനായിൽ പടിഞ്ഞാറെഭാഗത്തു ഹ്സിയാങ്ങ്ഫൂ എന്നൊരു പട്ടണമുണ്ടു്. അതു ചൈനായിലെ ഏററവും പുരാതനവും പ്രസിദ്ധവുമായ തലസ്ഥാനമായിരുന്നു. ഒരു കെട്ടിടത്തിനു് അടിസ്ഥാനം ഇടുവാൻ കുഴിച്ചു ചെന്നപ്പോഴാണു "പ്രശോഭിതമതം മദ്ധ്യരാജ്യത്തു പ്രചരിച്ചതിന്റെ ഓർമ്മയ്ക്കായുള്ള സ്തംഭം" കണ്ടുകിട്ടിയതു്. 638-ൽ പണിയിച്ചതും ഇടിഞ്ഞുപൊളിഞ്ഞതുമായ ഒരു ക്രിസ്തീയാശ്രമത്തിന്റെ സമീപമാണു കല്ലു കിടന്നിരുന്നതു്. കല്ലു കണ്ടുകിട്ടിയ ഉടനെ വിവരം സ്ഥലത്തെ പ്രധാന ഉദ്യോഗസ്ഥനെ അറിയിക്കയും അദ്ദേഹം കുതിരപ്പുറത്തു കയറി സ്ഥലത്തെത്തുകയും ചൈനാഗവർമ്മെൻറിന്റെ അനുമതിയോടുകൂടി അതിനെ പുതിയതായി അവിടെ സ്ഥാപിക്കയും ചെയ്തു. ആയിരം കൊല്ലത്തിലധികം മണ്ണിനടിയിൽ കിടന്നതുകൊണ്ടാണു് അതിലുള്ള കൊത്തുപണികളും അക്ഷരങ്ങളും കേടുകൂടാതെ ഇപ്പോഴും വ്യക്തമായിരിക്കുന്നതു്. സ്തംഭത്തിനു പത്തടിനീളവും മൂന്നേകാൽ അടി വീതിയും ഒരടി ഘനവും രണ്ടു ടൺ തൂക്കവുമുണ്ടു്. മുകൾഭാഗത്തു് ഒരു കുരിശു കൊത്തിയിട്ടുള്ളതിനു മൈലാപ്പൂരുള്ള മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിലെ കുരിശിനോടും കോട്ടയം വലിയപള്ളിയിലെ കുരിശിനോടും സാമ്യമുണ്ടു്. അക്ഷരങ്ങൾ ചീനഭാഷയിലും സുറിയാനിഭാഷയിലും ആണു കൊത്തിയിരിക്കുന്നതു്. ലിഖിതത്തിന്റെ ഒടുവിൽ മാർ യൗഹാനോൻ മെത്രാപ്പോലീത്താ, കശീശാ ഗീവറുഗീസ്, കശീശാ ഗബ്രിയേൽ, കശീശാ പാത്രൊസ്, കശീശാ ശീമോൻ മുതലായി എഴുപതു മിഷ്യനറിമാരുടെ പേരുകൾ സുറിയാനിയിൽ കൊത്തിയിട്ടുണ്ടു്. പതിനേഴാംനൂററാണ്ടിൽ സുറിയാനി അക്ഷരം വായിക്കുവാൻ ചൈനായിൽ ആരും ഉണ്ടായിരുന്നില്ല. അക്കാലത്തു റോമൻകത്തോലിക്കാ മിഷ്യനറിമാർ ചൈനായിൽ വേല ചെയ്യുന്നുണ്ടാ

യിരുന്നു. അവരിൽ ഒരാൾ സുറിയാനി അക്ഷരങ്ങൾ പകത്തിക്കൊണ്ടു കൊടുങ്ങല്ലൂർ വരികയും അവിടത്തെ പാദ്രിയെ അക്ഷരങ്ങൾ കാണിച്ചുഭാഷ സുറിയാനിയാണെന്നു ഗ്രഹിക്കയും ചെയ്തു അതിൽ പിന്നെ ലിഖിതംപല ഭാഷകളിലും തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. കേൾവികേട്ട ചരിത്രകാരനായ ഗിബൺ സ്തംഭത്തെപ്പററി വിസ്തരമായി ഉപന്യസിച്ചിട്ടുണ്ട്. സ്തംഭത്തിന്റെ പ്രാധാന്യം നിമിത്തം അതിന്റെ ഓരോ പ്രതിമ ന്യൂയോർക്കിലെ കാഴ്ചബംഗ്ലാവിലും ജപ്പാനിലും സ്ഥാപിച്ചിരിക്കുന്നു

യഹൂദമതത്തിനു പുറത്തുള്ളവരോടു യേശുമിശിഹായുടെ സുചരിതത്തെ പ്രസംഗിക്കുകയെന്ന ഏർപ്പാടു് ആദ്യമായുണ്ടായതു് അന്ത്യോഖ്യായിൽവച്ചാണല്ലൊ. ആദിമശതാബ്ദകാലങ്ങളിൽ സുറിയാനിക്കാർക്കു സുവിശേഷപ്രചാരത്തിൽ വലിയ തീഷ്ണതയുണ്ടായിരുന്നു. ശ്ലീഹന്മാരിൽ ഒരാൾതന്നെ ആയിരുന്നുവല്ലൊ ഇന്ത്യയിൽ ഇപ്പോൾ കാണുന്ന സുറിയാനിസഭയുടെ സ്ഥാപകൻ. ഉത്സാഹശീലന്മാരായ സുറിയാനിക്കാർ പേർഷ്യായിലേക്കു കടന്നു വികസിക്കുന്നതായ ഒരു സഭയെ അവിടെ സ്ഥാപിച്ചു. പേർഷ്യായിൽനിന്നാണു മിഷ്യനറിമാർ ചൈനായിലേക്കു പ്രവേശിച്ചതു്. (പേർഷ്യ പൌരസ്ത്യ കാതോലിക്കായുടെ മഹാ ഇടവകയിൽപെട്ട ഭാഗമാണെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്.) അക്കാലത്തു ചൈനായും, സിറിയാ, പേർഷ്യാ എന്നീ സ്ഥലങ്ങളും തമ്മിൽ കച്ചവടബന്ധം ധാരാളമുണ്ടായിരുന്നു. ഹ്സിയാംഗ്ഫൂയിലെ ചീനച്ചക്രവത്തി സുറിയാനിമിഷ്യനറിമാരെ 635ൽ സസന്തോഷം സ്വീകരിക്കയും തന്റെ രാജ്യത്തു താമസിച്ചു് അവരുടെ മതം പ്രസംഗിക്കവാൻ അനുവദിക്കയും ചെയ്തു. രാജവംശജനായ ഒരു പ്രസിദ്ധ സേനാധിപൻ എളുപ്പത്തിൽ ക്രിസ്ത്യാനിയായിത്തീന്നു. പുതിയമതത്തിന്റെ പ്രചാരം തീ പടന്നു പിടിക്കുന്നതുപോലെ ആയിരുന്നു. ചൈനാസാമ്രാജ്യത്തിനു പൊതുവേയുള്ള ജാത്യൈകമതം ക്രിസ്തുമതം ആയി വരുമോ എന്നു പലരും ശങ്കിച്ചു. മിഷ്യന്റെ വിജയത്തിനുള്ള കാരണങ്ങൾ, മിഷ്യനറിമാരുടെ ഉപദേശനൈർമ്മല്യം, ആത്മപരിത്യാഗം, സന്മാർഗ്ഗജീവിതം, ചികിത്സാനൈപുണ്യം ഇതുകളായിരുന്നു. ചീനഭാഷയിൽ വിശ്വാസപ്രമാണം, ചീനഭാഷയിൽവിശേഷമായ ഒരു ജ്ഞാനസ്നാനഗീതം, മിശിഹായുടെ മനുഷ്യാവതാരം, സ്ലീബോപദേശം മുതലായി ജീവനുള്ള ഒരു സഭയ്ക്കു് അത്യന്താപേക്ഷിതങ്ങളായ സകല കൃതികളും ചൈനായിലെ ക്രിസ്തുസഭയ്ക്കുണ്ടായിരുന്നു. ആരാധന സ്വഭാഷയിലാണു നടത്തിവന്നിരുന്നതു്. ഇങ്ങനെ പടന്നു പിടിക്കുന്ന ഒരു മതത്തിന്റെയും അതിന്റെ പരിശ്രമങ്ങളുടേയും ഓർമ്മ നിലനിത്തുവാനായിരുന്നു യെസ്ബുസദ് കോറെപ്പിസ്ക്കോപ്പായുടെ കാലത്തു 781-ാമാണ്ടു് ഫെബ്രുവരിമാസം 4 ാംതീയതി സ്തംഭം സ്ഥാപിക്കപ്പെട്ടതു്. 845-ൽ വൂത്സങ്ങ് ചക്രവത്തിയുടെ കാലത്തു് ഒരു വലിയ മതപീഡ ചൈനായിൽ ഉത്ഭവിച്ചു. ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, മഹമ്മദിയർ, പേർഷ്യൻമതക്കാർ എന്നിവരെല്ലാം പീഡ സഹിക്കേണ്ടി വന്ന ഈ അവസരത്തിലാണു സ്തംഭത്തിനു നാശം പററരുതെന്നുള്ള വിചാരത്താൽ ക്രിസ്ത്യൻമിഷ്യനറിമാർ അതിനെ കുഴിച്ചിട്ടതു്.

സ്തംഭലേഖിതത്തിൽനിന്നു പല സംഗതികളും നമുക്കു ഗ്രഹിക്കാവുന്നതാണു. അതിലെ ഒരു ഭാഗംതന്നെ ഇവിടെ ഉദ്ധരിക്കാം. "സുറിയാനിക്രിസ്ത്യാനികൾ ജീവനോടിരിക്കുന്നവക്കും മരിച്ചുപോയവക്കുംവേണ്ടിദിവസത്തിൽ ഏഴുപ്രാവശ്യം പ്രാത്ഥനയും സ്തോത്രവും നടത്തിവരുന്നു. ആചാര്യന്മാർ അടയാളമായി കുരിശു ധരിക്കുന്നു. ലൗകികകാര്യങ്ങളോടു തങ്ങൾക്കു സംബന്ധമില്ലെന്നുള്ളതിനു ലക്ഷ്യമായി അവർ താടി നീട്ടുന്നു; വെള്ള ഉടുപ്പാണു ധരിക്കുന്നതു്. സൂര്യൻ പ്രകാശിക്കുന്ന സ്ഥലങ്ങളിലെല്ലാം അവർ സഞ്ചരിച്ചു നശിച്ചുപോകുന്നവരെ രക്ഷയിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്നു. സ്നേഹം, ധർമ്മം എന്നിവയാകുന്ന സദ്വത്തമാനം അവർ ഘോഷിക്കുന്നു. കിഴക്കോട്ടു തിരിഞ്ഞുനിന്നാണു പ്രാത്ഥിക്കുന്നതു്. ജീവനും മഹത്വവുമായ പന്ഥാവിൽക്കൂടി അവർ ഗമിച്ചുകൊണ്ടിരിക്കുന്നു. അവർ പുരുഷന്മാരോ സ്ത്രീകളോ ആയ അടിമകളെ തങ്ങളുടെ കീഴിൽ

വയ്ക്കാറില്ല. എല്ലാവരേയും സമമായി കരുതുകയും ഉയർന്നവനെന്നോ താണവനെന്നോ ഉള്ള വ്യത്യാസം പാലിക്കാതിരിക്കയും ചെയ്യുന്നു. അവർ വസ്തുക്കളോ ധനമോ സമ്പാദിക്കാതെ ഉള്ളതെല്ലാം മററുള്ളവർക്കു കൊടുത്ത് അന്യന്മാർക്കു മാതൃകകളായി ജീവിക്കുന്നു. പഞ്ചേന്ദ്രിയങ്ങളെ അടക്കുന്നതിനുവേണ്ടി അവർ നോമ്പ് ആചരിക്കുന്നു. തങ്ങളുടെ നിയമങ്ങളെ അനുസരിക്കുന്നതിനായി അവർ മൌനം ദീക്ഷിക്കയും ജാഗ്രതയോടുകൂടിയിരിക്കയും ചെയ്യുന്നു. ഏഴുദിവസത്തിലൊരിക്കൽ "രക്തമില്ലാത്ത ബലി" അവർ അർപ്പിക്കുന്നു. ഇപ്രകാരം അവരുടെ ഹൃദയങ്ങളെ അവർ ശുദ്ധീകരിച്ചുകൊണ്ടു അവരുടെ നൈർമ്മല്യത്തെ അവർ വീണ്ടും പ്രാപിക്കുന്നു. എന്നേക്കും മാററമില്ലാത്തതും സത്യവുമായ ഈ മാർഗ്ഗം ഹാ, അത്ഭുതകരം തന്നെ. ഒരു പേര് ഇതിനു കൊടുക്കുവാൻ മിക്കവാറും അസാദ്ധ്യമാണ്. എന്നാൽ ഇതിന്റെ പ്രവൃത്തികൾ മഹത്വമേറിയവയാണെന്നു പ്രസിദ്ധമായിരിക്കുന്നതിനാൽ ഞങ്ങൾ ഇതിനെ "പ്രശോഭിതമതം" എന്നു വിളിക്കുന്നു ഹ്യൂയൻത്സാങ്ങ്, ടായിസാങ്ങ് മുതലായ ചക്രവത്തികൾ സുറിയാനിക്കാരോടു പ്രത്യേകാഭിവാഞ്ഛയോടുകൂടിവത്തിച്ചിരുന്നു. ഒരാൾ തന്റെ പിറന്നാളിനു് അവരെ ക്ഷണിക്കുക പതിവായിരുന്നു. വേറൊരാൾ "അനുഗ്രഹഭവനങ്ങൾ" (പള്ളികൾ) നന്നാക്കിച്ചു. മൂന്നാമതൊരാൾ അഞ്ചു ചക്രവത്തികളുടെ ഛായാപടങ്ങളും നൂറു പട്ടുതരങ്ങളും ദയറായിലേക്കു സമ്മാനിച്ചു. ഹ്സിങ്ങ്ചിങ്ങ് കൊട്ടാരത്തിൽ ഒരു സ്തോത്രശുശ്രൂഷ നടത്തുന്നതിനു ഗീവറുഗീസ് മെത്രാപ്പോലീത്താ ഉൾപ്പെടെ പതിനേഴു പട്ടക്കാരെ അദ്ദേഹം ക്ഷണിച്ചുവരുത്തി. കാവുത്സാങ്ങ് ചക്രവത്തി സാമ്രാജ്യത്തിലെ ഓരോ സംസ്ഥാനത്തിലും ഓരോ ക്രിസ്തീയ സന്യാസാശ്രമം സ്ഥാപിക്കയും അലോപ്പൻറമ്പാനെ സാമ്രാജ്യത്തിലെ വലിയ ആത്മീയപിതാവായി നിയമിക്കയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായം "സത്യമത"ത്തിന്റെ പ്രചാരംകൊണ്ടു സാമ്രാജ്യത്തിനു ശാന്തി ലഭിക്കുമെന്നായിരുന്നു. ആ മതം സാമ്രാജ്യത്തിലെങ്ങും സൈ്വരമായി പ്രവേശിക്കട്ടെ, എന്നൊരു വിളംബരവും ചക്രവത്തി പ്രസിദ്ധപ്പെടുത്തി. യേശു കശീശായ്ക്കു ചുവന്ന വസ്ത്രവും സ്വർണ്ണമുദ്രയും കൊടുത്തു വടക്കെ രാജ്യത്തിലെ ലഫ്റ്റനന്റു ഗവർണ്ണർ ജനറലും വിദ്യാഭ്യാസവകുപ്പിന്റെ ഓവർസിയറും ആയി ചക്രവത്തി നിയമിച്ചു. ഈ ഗവർണ്ണർ ജനറൽ പ്രകൃതത്തിൽ സൌമ്യനും ധാർമ്മികനും ആയിരുന്നു. ചക്രവത്തി അദ്ദേഹത്തിനു നൽകിയ സ്വർണ്ണഖചിതമായ പരവിതാനികൾ അദ്ദേഹം ആശ്രമത്തിലേക്കു കൊടുക്കുകയാണുണ്ടായത്. തനിക്കു ലഭിച്ച ശമ്പളം മുഴുവനും പുണ്യപ്രവൃത്തികൾക്കായിട്ടാണ് അദ്ദേഹം ചെലവഴിച്ചതു്. ദയറാകളിലെ സകല റമ്പാന്മാരെയും താൻ ആണ്ടിലൊരിക്കൽ വിളിച്ചുകൂട്ടി കുർബാനയിലും പ്രാർത്ഥനയിലും ധ്യാനത്തിലും അമ്പതു ദിവസം ചെലവഴിച്ചു. വിശക്കുന്നവർ ഭക്ഷണത്തിനായി അവിടെ ചെന്നു; നഗ്നന്മാർ ഉടുപ്പിനായി അവിടെ ചെന്നു; രോഗികളെ സുഖമാക്കി അയച്ചു; മരിച്ചവരെ സംസ്കാരം ചെയ്തു ശാന്തിയിൽ വസിപ്പിച്ചു. ചൈനായിലെ രാജധാനിയിൽ ഇപ്പോഴും കൊല്ലന്തോറും നടത്തുന്ന ചില ആരാധനകൾക്കു ക്രിസ്ത്യൻ ആരാധനയോടു വളരെ സാമ്യമുണ്ടു്. ബുദ്ധമതക്കാരും ക്രിസ്ത്യാനികളും തമ്മിലുള്ള പെരുമാററം സ്നേഹസമ്പൂർണ്ണമായിരുന്നു. ചക്രവത്തികൾ ബുദ്ധമതക്കാരുടെ ആരാധനയിലും സംബന്ധിക്കുക പതിവായിരുന്നു. "ചൈനായിലെ ബുദ്ധമതത്തിനു ക്രിസ്തുമതത്തോടുള്ള ബന്ധംകൊണ്ടു പല ഭാവഭേദങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതു് ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണ്. ഇതിനു പുറമെ മദ്ധ്യകാലങ്ങളിൽ ചൈനായ്ക്കുണ്ടായിരുന്ന പരിഷ്ക്കാരത്തിന്റെ പ്രത്യേകത ക്രിസ്തുമതംമൂലം ലഭിച്ചിട്ടുള്ളതാണെന്നു വിദ്വാന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു.

ഒരുകാലത്തു ചൈനായിൽ എത്രയും പുഷ്ടിയോടുകൂടി തഴച്ചുവളർന്നസുറിയാനിസഭയുടെ ചരിത്രത്തിൽനിന്നു നമുക്ക് എന്താണു പഠിപ്പാനുള്ളതെന്നും ആ സഭ നശിച്ചുപോകാനുള്ള കാരണങ്ങൾ എന്തായിരുന്നു എന്നും ചുരുക്കമായി പ്രസ്താവിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. ആ സഭ തീരെ നശിച്ചുപോയെന്നു ഒരു വിധത്തിൽ നോക്കിയാൽ ന്യായമായി

ശാബതാചാരം

(റവ. ഫാദർ ഐ. ഡാനിയേൽ ഡി. ഡി., എഫ്.പി എച്ച്.എസ്സ്., ചെപ്പാട്ട്)

ഒരു ദിവസം കർത്താവും ശിഷ്യന്മാരും കൂടി വിളഭൂമിയിൽ കൂടി കടന്നുപോകുമ്പോൾ ശിഷ്യന്മാർ കതിരു പറിച്ചു തിന്നുന്നതു് പരീശന്മാർ കണ്ടിട്ടു് അവർ ശാബത്തുലംഘനക്കാരായി കണക്കിടപ്പെട്ടു. പരീശന്മാരുടെ ഈ മനസ്ഥിതി മനസ്സിലാക്കി ശാബതിൻെറ ആന്തരത്തെപ്പററി കർത്താവു് അവരെ ഉദ്ബോധിപ്പിച്ചു.

പഴയനിയമകാലത്തു ശനിയാഴ്ച ശാബതായി ആചരിച്ചു വന്നു. ഇപ്പോഴും യഹൂദന്മാരുടെ ശാബത് ശനിയാഴ്ചയാണ്. ലോകത്തിൽ ഏതു സ്ഥലത്തുമുള്ള യഹൂദ കുടുംബങ്ങൾ വെള്ളിയാഴ്ച സന്ധ്യ മുതൽ ശനിയാഴ്ച സന്ധ്യ

നമുക്കു പറവാൻ പാടില്ല. അതിൻെറ അവശിഷ്ടങ്ങൾ സംഖ്യയിൽ പത്തു കോടിയോളം വരുന്ന ചൈനായിലെ ഷിയോ വർഗ്ഗക്കാരിലും ഇരുപതു കോടിയോളം വരുന്ന മഹമ്മദിയരിലും നാം കാണുന്നുണ്ടു്. മിഷ്യൻെറ ഒരു വലിയ വീഴ്ച നാട്ടുകാരായ മിഷ്യനറിമാരെ അതു പരിശീലിപ്പിച്ചു വളർത്തിയില്ല എന്നുള്ളതത്രേ. വിദേശീയ മിഷ്യനറിമാർ തങ്ങളിൽ തന്നെ വേണ്ടതിലധികം ആശ്രയിച്ചു. ശിലാലിഖിതത്തിൽ കാണുന്ന എഴുപത്തഞ്ചു പട്ടക്കാരുടെ പേരുകളിൽ ഒന്നെങ്കിലും നാട്ടുകാരൻെറതല്ല. മിഷ്യൻെറ അധഃപതനത്തിനുള്ള രണ്ടാമത്തെ കാരണം പത്താംശതാബ്ദത്തിനുശേഷം ചൈനായിലെ സഭയും മാതൃസഭയും തമ്മിലുള്ള സംബന്ധം നിന്നുപോയി എന്നുള്ളതാണ്. മഹമ്മദുമതത്തിൻെറ ഉന്മാദത്തോടു കൂടി പേർഷ്യായിൽ നിന്നു മിഷ്യനറിമാർ വരിക എന്നുള്ളതു അസാദ്ധ്യമായിത്തീർന്നു. ഒരു വലിയ സൈന്യത്തിൽ നിന്നു ഒരു ഭാഗം വേർതിരിഞ്ഞു നിസ്സഹായന്മാരായിത്തീർന്നാലത്തെ കഥ ഊഹ്യമാണല്ലോ. സിറിയൻ മിഷ്യൻെറ അവശിഷ്ടമായി ഇന്നു ചൈനായിൽ കാണുന്ന ജനസംഘത്തിൻെറ അവസ്ഥ ഇതുതന്നെയാണ്. മൂന്നാമതായി ഒരു ദോഷം പറവാനുള്ളതു് ചൈനായിലെ ക്രിസ്തു മതം ബുദ്ധമതത്തിൻെറ ഒരു ശാഖ എന്നതുപോലെ വർത്തിച്ചു എന്നുള്ളതാണ്. ഉദാഹരണമായി ശാക്യമുനിക്കുപയോഗിച്ചിരുന്ന പേരുതന്നെയാണു ക്രിസ്ത്യാനികൾ ക്രിസ്തുവിനുപയോഗിച്ചിരുന്നതു് ഇതുപോലെ പലതുമുണ്ടു്. തൽക്കാലം വിഷമങ്ങൾ നേരിടാതിരിപ്പാൻ ഈ നയം ഫലപ്രദമായി കണ്ടേക്കാം. എന്നാൽ ക്രിസ്തുമതത്തിൻെറ പ്രത്യേകതയും വ്യക്തിത്വവും വിസ്മരിച്ചു പ്രവർത്തിച്ചതുകൊണ്ടു പൊതുവെ ആ മതത്തിനു ഇടിവുവന്നതിൽ വിസ്മയിപ്പാനില്ല. എല്ലാ മതങ്ങളും ശരിയാണെന്നും അതുകളെല്ലാം ഒരേസ്ഥലത്തേക്കു മനുഷ്യരെ ആനയിക്കുന്ന പതാകകളാണെന്നും ഉള്ള നിലയെ യഥാർത്ഥ ക്രിസ്തീയ വേദശാസ്ത്രി അവലംബിക്കുന്നില്ല. എല്ലാ മതങ്ങളിലും സത്യമുണ്ടെന്നും ക്രിസ്തുമതത്തിൽ ലോകൈക വെളിപാടു മൂലം അവയുടെ പൂർത്തീകരണം അടങ്ങിയിരിക്കുന്നു എന്നുമാണു് അയാൾ സമർത്ഥിക്കുന്നതു്. അധഃപതനത്തിൻെറ നാലാമത്തെ കാരണം ചക്രവർത്തികളുടെ സഹായത്തെ മിഷ്യനറിമാർ വേണ്ടതിലധികം അവലംബിച്ചു എന്നുള്ളതാണ്. ഗവർമ്മെണ്ടു അനുസരിക്കുന്നതും സഹായിക്കുന്നതുമായ മതങ്ങളുടെ കാര്യത്തിൽ ഈ ദോഷം പലപ്പോഴും പററുന്നുണ്ടു്. "വേണ്ടതിലധികമായ ദയ പൂച്ചയെ കൊന്നു" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. ഒരു മതം ഗവർമ്മെണ്ടു പൊതുവേ അംഗീകരിക്കുന്നതു നല്ലതുതന്നെ. ദൈവത്തെ അനാദരിക്കുന്ന ജാതി നശിച്ചേ മതിയാവൂ. എന്നാൽ ഗവർമ്മെണ്ടിൽ നിന്നു പ്രത്യേകം രക്ഷിക്കുന്ന മതത്തിൽ അനീതി നുഴഞ്ഞുകയറുകയും അതു അധഃപതനം പ്രാപിക്കയും ചെയ്യുവാൻ എളുപ്പമുണ്ടു്. ഏതായാലും ചൈനായിലെ സുറിയാനിസഭ വീണുപോയി എന്നു വരികിലും അതു ഏർപ്പെട്ടിരുന്ന സദ്പ്രവൃത്തിയെ അതു സ്തുത്യർഹമാംവണ്ണം നിറവേററി എന്നുള്ളതിനു രണ്ടു പക്ഷമില്ല.

ഘരെയും എല്ലാ പ്രവൃത്തികളിൽ നിന്നും വിരമിച്ചു് വിശ്രമിച്ചു വരുന്നു. കാരണം ശനിയാഴ്ചയത്രെ അവർ ശാബതായി ആചരിച്ചുവരുന്നതു്. ന്യായപ്രമാണകൽപ്പനയെലംഘിക്കാതിരിപ്പാൻ അവർ പ്രത്യേകം കരുതലുള്ളവരാണു്.

ശാബതിനെപ്പററിയുള്ള ന്യായപ്രമാണകൽപ്പന അതായതു് നാലാമത്തെ കൽപ്പന ഇപ്രകാരമാണു്. "ശാബതുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക. ആറുദിവസം അദ്ധ്വാനിച്ചു നിൻെറ വേല ഒക്കെയു ചെയ്ക ഏഴാംദിവസം നിൻെറ ദൈവമായ യഹോവയുടെ ശാബതാകുന്നു. അന്നു നീയും നിൻെറ പുത്രനും, പുത്രിയും, നിൻെറ വേലക്കാരനും, വേലക്കാരത്തിയും, നിൻെറ കന്നുകാലികളും, നിൻെറ പടിവാതിലിനകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു്. ആറു ദിവസം കൊണ്ടു് യഹോവ ആകാശവും, ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ടു് യഹോവ ശാബതുനാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു." (പുറപ്പാടു് 20:3-11)

ശാബതു യഹൂദന്മാർക്കു പ്രത്യേകം ദൈവരാധനയ്ക്കുള്ള ദിവസമാണു്. ശാബതു ദിവസം ഒരു യഹൂദനും യാതൊരു വേലയും ചെയ്യുകയില്ല. രാവിലെയും വൈകിട്ടും അവർ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുകയും ശിഷ്ടമുള്ള സമയം ശാന്തമായി വേദവായനയിലും പാട്ടുകളിലും വിശ്രമത്തിലും കഴിച്ചു കൂട്ടുകയും ചെയ്യും.

വേനൽകാലത്തു ഒരു ദിവസം യേശു തമ്പുരാനും തൻെറശിഷ്യന്മാരും ധാന്യംവിളഞ്ഞു കിടക്കുന്ന വയലുകളിൽ കൂടി നടക്കുകയായിരുന്നു. അങ്ങിനെ അവർ പോകുമ്പോൾ ശിഷ്യന്മാർ കതിരുകൾ പറിച്ചു കൈയിലിട്ടു തിരുമ്മിഉമികളഞ്ഞു ഭക്ഷിച്ചു തുടങ്ങി. ഇങ്ങനെ ചെയ്യുന്നതിനു ന്യായപ്രമാണം അനുവദിച്ചിരുന്നു. ആക്കെങ്കിലും വിശന്നാൽ അവരു കതിരുകൾ പറിച്ചു ഭക്ഷിക്കാമായിരുന്നു. പക്ഷെ അതു ശാബതിൽ വിഹിതമല്ല. കാരണം പരീശന്മാരുടെ വ്യാഖ്യാനപ്രകാരം ശരിയായി വ്യാഖ്യാനിക്കുന്ന പക്ഷം ശിഷ്യന്മാർ കൊയ്യുകയും മെതിക്കുകയും ആയിരുന്നു ചെയ്തതു്. അതുകൊണ്ടു അവർ യേശുവിനോടു് നിൻെറ ശിഷ്യന്മാർ ശാബതിൽ വിഹിതമല്ലാത്തതു ചെയ്യുന്നതെന്തു് എന്നു ചോദിച്ചു.

യേശുതമ്പുരാൻ അവരോടു്, മനുഷ്യൻ ശാബതിനു വേണ്ടിയല്ല,ശാബതു മനുഷ്യനായിട്ടത്രെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് എന്നു പറഞ്ഞു. ശാബതു ദൈവത്തിൻെറ പ്രമാണവും അതു മനുഷ്യനു വേണ്ടി നിയമിക്കപ്പെട്ടതുമാകുന്നു. ഈ തത്വം യഹൂദന്മാർ അംഗീകരിച്ചിരുന്നില്ല. ശാബതിൽ വിശപ്പുള്ളവരായ ശിഷ്യന്മാർ ഭക്ഷിച്ചു എന്നുള്ളതു ആന്തരീകമായ ശാബതാചരത്തിൻെറ ഉദ്ദേശത്തിനു വിപരീതമല്ല എന്നാണു് കത്താവു പഠിപ്പിക്കുന്നതു്. പരീശന്മാർ പറഞ്ഞപ്രകാരം യേശുതമ്പുരാൻ ശാബതിനെ ഇല്ലാതാക്കാൻ ഉദ്ദേശിച്ചു എന്നു ധരിപ്പിട്ടാവശ്യമില്ല. എന്നാൽ ശാസ്ത്രിമാരാൽ ഉണ്ടാക്കപ്പെട്ട നിസ്സാര പ്രമാണഭാരങ്ങളിൽ നിന്നും ജനങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുന്നതിനും ശാബതാചാരത്തിൻെറയും മററു ന്യായപ്രമാണ കൽപ്പൽനകളുടെയും ആന്തരാലുള്ള അത്ഥം എന്തെന്നു മനുഷ്യരെ മനസ്സിലാക്കിക്കൊടുക്കുന്നതിനുമാണു് കത്താവു ആഗ്രഹിച്ചതു്.

യേശു തമ്പുരാൻ വേലയിൽ നിന്നു വിരമിക്കയും പള്ളിയിൽ ദൈവാരാധനയിൽ സംബന്ധിക്കുകയും നന്മ ചെയ്യുകയും ചെയ്തുകൊണ്ടു്ശാബത് ആചരിച്ചു. പല തവണയും അവിടുന്നു ശാബതു ദിവസത്തിലും ചിലപ്പോൾ പള്ളിയിൽ വച്ചും രോഗികളെ സൌഖ്യമാക്കി. ശാബതിൽ താൻ പഠിപ്പിക്കയും മനുഷ്യരെ ദൈവത്തിലേക്കു് ആകർഷിക്കയും ചെയ്തു.

നമുക്കു യഹൂദ ശാബതു (ശനിയാഴ്ച) ആചാരം നൽകപ്പെട്ടിട്ടില്ല. അതിനു പകരം നാം നമ്മുടെകത്താവുഉയർത്തെഴുന്നേററഞായറാഴ്ച ആചരിക്കണമെന്നു വി. സഭ കൽപ്പിച്ചിരിക്കുന്നു. അന്നു നാം ദൈവാരാധനയിൽ സംബന്ധിക്കുന്നതിനും മററു വേലകാര്യങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. ശാബത് ദിവസം ഇന്നതു ചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നും യേശുതമ്പുരാൻ യഹൂദന്മാരോടു കൽപ്പിച്ചില്ല. താൻ പരീശനൊ ശാസ്ത്രിയൊ അല്ലായിരുന്നു. ശാബതിൻെറ ഉദ്ദേശം

ഇന്നാതെന്നു മാത്രമെ താൻ പഠിപ്പിച്ചുള്ളൂ. ആ ഉദ്ദേശം അനുസരിച്ചാണു് പ്രവൎത്തിക്കേണ്ടതു്. ദൈവത്തെ ആരാധിക്കുന്നതിനും വേലകളിൽ നിന്നു വിരമിച്ചു നന്മപ്രവൎത്തികൾ ചെയ്യുന്നതിനും നാം ഞായറാഴ്ചദിവസം വിനിയോഗിക്കണം. ഇതിനു പ്രതിബന്ധമായ സകല കാൎയ്യങ്ങളും മാററി വെയ്ക്കണം

ഞായറാഴ്ച വേലകൾ മുടക്കിയതു കൊണ്ടു മാത്രമായില്ല. വിശുദ്ധ കുർബാനയിൽ സംബന്ധിക്കണം. അതു ഞായറാഴ്ചത്തെ സർവ്വപ്രധാനമായ ചുമതലയാണു്. ഞായറാഴ്ചയുടെ പ്രാധാന്യത്തെ നാം വിസ്മരിക്കാൻ പാടില്ല. മിശിഹാ തമ്പുരാൻ ഉയർത്തെഴുന്നേററതു്, വിശുദ്ധ ശ്ലീഹന്മാർ ഒരുമിച്ചു കൂടി ആരാധന നടത്തിവന്നതു്; ശ്ലീഹന്മാരുടെ മേൽ പരിശുദ്ധറൂഹാ ഇറങ്ങിയതു് ഇവയെല്ലാം ഞായറാഴ്ചയാകയാൽ ഞായറാഴ്ചയെ കത്താവിന്റെ ദിവസമെന്നു പറയുന്നു ഞായറാഴ്ച വേലകാൎയ്യങ്ങളിൽ നിന്നും വിരമിച്ചു് വിശുദ്ധ കുർബാനയിൽ സംബന്ധിക്കണമെന്നുള്ളതു സഭയുടെ ഒരു പ്രധാനമായ കല്പനയാകുന്നു. സഭയെ കൈക്കൊള്ളാത്തവൻ നിങ്ങൾക്കു പുറജാതിക്കാരനെയും ചുങ്കക്കാരനെയുംപോലെ ആയിരിക്കട്ടെ. എന്നു കത്താവു കല്പിച്ചിരിക്കുന്നു. ആകയാൽ സഭയുടെ ഈ പ്രധാന കല്പന നാം അനുസരിക്കണം.

വി പത്രോസിനെയും മററുംപോലെ രാവിലെ കബറുങ്കൽ ചെന്നു യേശുതമ്പുരാനെ കാണുകയും വി. കുർബാനയിൽ പങ്കുകൊള്ളുകയും പ്രാൎത്ഥനയിൽ ഉററിരിക്കയും നന്മചെയ്കയും ആകുന്നു നാം ഞായറാഴ്ച ചെയ്യേണ്ടതു്. കത്താവിന്റെ ദിവസത്തെ ആചരിക്കുന്നതു സത്യക്രിസ്ത്യാനിയുടെ ലക്ഷണങ്ങളിൽ ഒന്നാകുന്നു എന്നു ക്രിസ്തുവർഷം 225-ൽ ജീവിച്ചിരുന്ന വി. ഓറിഗൻ പറയുന്നു. ആദ്യസഭ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തെ എത്രയും ഭക്തിയോടുകൂടി ആചരിച്ചുവന്നു എന്നുള്ളതിനു ധാരാളം തെളിവുകൾ ഉണ്ടു്.

വി. യോഹന്നാൻ അപ്പോസ്തോലന്റെ ഒരു ശിഷ്യനായ വി. ഇഗ്നാത്തിയോസ് ഇപ്രകാരം പറയുന്നു "പഴയ കാൎയ്യങ്ങളിൽ താല്പൎയ്യപ്പെട്ടിരുന്നവർ ഇപ്പോൾ പുതിയ വിശ്വാസവും സ്ഥിരതയുമുള്ളവരായിരിക്കുന്നു. അവർ ശനിയാഴ്ച ആചരിക്കാതെ കത്താവിന്റെ ദിവസത്തെ ആചരിക്കുന്നു. ഉയിർത്തെഴുന്നേററവനായ കത്താവിലാണു നമ്മുടെ ജീവൻ ആശ്രയിച്ചിരിക്കുന്നതു്. ഇനിമേലാൽ കേവലം യഹൂദശാബതിനെ അല്ല നാം ആചരിക്കേണ്ടതു്."

വിശുദ്ധനായ അഗസ്തിനോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "കത്താവിന്റെ ദിവസത്തെ ഏർപ്പെടുത്തിയതു യേശുക്രിസ്തു ആയിരുന്നു. തന്റെ പുനരുത്ഥാനം കഴിഞ്ഞശേഷം അതു് ഒരു ക്രിസ്തീയ ഉത്സവമായി ആഘോഷിക്കപ്പെട്ടു." അപ്പോസ്തോലന്മാരോടുകൂടി സഞ്ചരിച്ചവനായ ഐറേനിയസ് ഏ. ഡി. 167 ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കർത്തൃദിവസത്തിൽ ക്രിസ്ത്യാനികളായ ഞങ്ങൾ എല്ലാവരും ശാബതു് ആചരിക്കുന്നു." ഏ. ഡി. 200-ൽ തെർത്തുല്യൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "ക്രിസ്തീയസഭയുടെ പരിശുദ്ധദിവസം കത്താവിന്റെ ദിവസമാണു. ശാബതിനോടു നമുക്കു് ഒരു സംബന്ധവുമില്ല".

ന്യായപ്രമാണത്തിൻകീഴിൽ ജനിച്ചവനും ന്യായപ്രമാണത്തെ നിവൃത്തിപ്പാൻ വന്നവനുമായ കത്താവു് യഹൂദശാബതു് ആചരിച്ചു എന്നുള്ളതിനെ ആരും നിഷേധിക്കയില്ല. കത്താവു ആ ദിവസത്തെ ആചരിച്ചതു മററുള്ളവർ വിചാരിച്ചുവന്ന രീതിയിൽ അല്ലയിരുന്നു എന്നും നാം ഓൎക്കേണ്ടതാണു്. താൻ യഹൂദശാബതിൽ യഹൂദന്മാരുടെ ദേവാലയങ്ങളിൽ പോയി ഉപദേശിച്ചുവന്നു. യഹോവയുടെ ദൂതനായിവന്ന കത്താവിനു യഹൂദജനങ്ങളെ പഠിപ്പിക്കുന്നതിനു് ഇതിനെക്കാൾ നല്ല അവസരം എങ്ങനെ കിട്ടും. ഏഴാംദിവസം ശാബതാചരിക്കേണ്ടതിനെപ്പററി യേശുക്രിസ്തു ഒരിടത്തും കല്പിച്ചിട്ടില്ല. സഭ ഈ ദിവസത്തെ ആചരിക്കണമെന്നു് അപ്പോസ്തോലന്മാരിൽ ആരും പഠിപ്പിച്ചതായി കാണുന്നില്ല. പുറജാതികളിൽനിന്നു വിശ്വാസികളായിത്തീൎന്നവർക്കു് ഈ കല്പന കൂടിയേ തീരൂ എന്നുണ്ടായിരുന്നു എങ്കിൽ സഭകൾക്കു കൊടുത്തിട്ടുള്ള ദൂതുകളിൽ ഈ സംഗതി ഉൾപ്പെടുത്തുമായിരുന്നു. നമ്മുടെ കത്താവായ യേശുക്രിസ്തു തന്റെ പുനരുത്ഥാനശരീരത്തിൽ തന്റെ വിശുദ്ധന്മാരോടുകൂടിചേൎന്ന

ഉറിയായുടെ വിശ്വസ്തതയും ദാവീദിന്റെ പശ്ചാത്താപവും.

(റവ. ഡീക്കൻ ജോസ്, പുലിക്കോട്ടിൽ)

മ്ശിഹായുടെ അവതാരത്താൽ ശ്രേഷ്ഠവും കീൎത്തിമത്തുമായിത്തീൎന്ന ബേത്‌ലഹേംപട്ടണത്തിൽ, ആ അതിശയസംഭവത്തിനുമുമ്പ് എഫ്രാത്യനായ യിശ്ശായി എന്ന ഒരു വൃദ്ധൻ തന്റെ 8 പുത്രന്മാരോടുകൂടി താമസിച്ചിരുന്നു. ഇക്കാലത്തു യഹോവാ, തന്റെ ജനമായ "ഇസ്രായേലിനെ" നേരിട്ടു ഭരിച്ചുവന്നിരുന്നു. മററുള്ള ജാതികൾക്കെന്നപോലെ ദൈവജനങ്ങൾക്കും ഒരു ദൃശ്യരാജാവു് ഉണ്ടായിരിക്കണമെന്നുള്ള യിസ്രായേൽ ജനത്തിന്റെ ഇഷ്ടാൎത്ഥം അവർതന്നെ ഒരു രാജാവിനെ തിരഞ്ഞെടുത്തുകൊള്ളുന്നതിനു ദൈവം അനുവാദം നൽകുകയും തൽഫലമായി ശൗൽ എന്ന പേരുള്ള ഒരുവനെ ഇസ്രായേല്യർ രാജസ്ഥാനത്തേക്കു് അവരോധിക്കയും ചെയ്തു. ശൗലിന്റെ ജീവിതരീതി ദൈവമുമ്പാകെ ഉത്തമമായിരുന്നില്ല. കൂടാതെ അദ്ദേഹത്തിന്റെ രാജ്യഭരണവും ജനങ്ങൾക്കു ഹിതകരമല്ലായിരുന്നു. ഇപ്രകാരം ജനങ്ങൾ രാഷ്ട്രീയകാൎയ്യങ്ങളിൽ ശക്തിയായ ഉത്സാഹം പ്രകടിപ്പിച്ചിരുന്ന കാലത്തായിരുന്നു യിശായിയുടെ കുടുംബം ബേത്‌ലഹേമിൽ താമസിച്ചിരുന്നതു്. യിശായിയുടെ കുടുംബം ഇസ്രായേല്യഗോത്രത്തിൽ ഉൾപ്പെട്ടതായിരുന്നുവെങ്കിലും രാജചെങ്കോൽ വഹിക്കത്തക്ക പ്രാപ്തിയുള്ള ആരും അവിടെയുണ്ടായിരുന്നതായി ആ ഗോത്രക്കാർ മനസ്സിലാക്കിയിരുന്നില്ല.

ശൗൽ ദൈവഹിതത്തിനെതിരായിത്തന്നെ കുറെനാൾ രാജ്യം ഭരിച്ചു. തന്റെ ജനത്തെ ഭരിപ്പാൻ വേറൊരു നല്ല രാജാവു് അത്യാവശ്യമാണെന്നു ദൈവം കണ്ടിട്ടു പ്രവാചകനായ ശമുവേലിനോടു് ഇപ്രകാരം അരുളിച്ചെയ്യുന്നു, "ഇസ്രായേല്യ രാജസ്ഥാനത്തിൽനിന്നും ഞാൻ ശൗലിനെ തള്ളിക്കളഞ്ഞിരിക്കുന്നു. നീ ഒരു കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക. ഞാൻ നിന്നെ ബേത്‌ലഹേമ്യനായ യിശായിയുടെ അടുക്കൽ അയയ്ക്കും. അവന്റെ മക്കളിൽ ഒരു രാജാവിനെ ഞാൻ കണ്ടിരിക്കുന്നു." ശമുവേൽ ബേത്‌ലഹേമിലേക്കു യാത്രപുറപ്പെടുന്നു. വെൺചാമരംപോലെ നരച്ചു വളൎന്നു കിടക്കുന്ന കേശമീശകളും, മൌനഭാവവും, തങ്കനിറത്തോടുകൂടിയ ശരീരവും, പുരോഹിതമൎയ്യാദപ്രകാരം ധരിച്ചിരുന്ന അങ്കികളും, കയ്യിൽ സവിശേഷശക്തിയുള്ള വടിയും ബലിക്കുള്ള സാധനങ്ങളും എല്ലാംകൂടി കണ്ടാൽ ശമുവേൽ ഒരു ആചാൎയ്യശ്രേഷ്ഠനാണെന്നു് ആരും തലകുലുക്കി സമ്മതിക്കും. ബേത്‌ലഹേം തെരുവീഥികളിൽ ശമുവേലിന്റെ അപ്രതീക്ഷമായ ആഗമനകാരണം അറിയാതെ ജനങ്ങൾ അമ്പരന്നെങ്കിലും ഒരു ബലിക്കായി താൻ ഇവിടെ എത്തിയിരിക്കുന്നുവെന്നു് അവരെ പറഞ്ഞു മനസ്സിലാക്കി. യാതൊരു രഹസ്യവും പുറത്തറിയിക്കാതെ ദൈവത്തിന്റെ ആ പ്രവാചകൻ യിശായിയുടെ പുത്രന്മാരെ വിളിച്ചുവരുത്തി, ദൈവം തന്നോടു അരുളിയപ്രകാരം യിശായിയുടെ കനിഷ്ഠപുത്രനായ "ദാവീദി"നെ ഇസ്രായേലിൽ രാജാവായി അഭിഷേകംചെയ്തു.

ദാവീദേ! നിന്റെ സഹോദരന്മാരും രാജകാൎയ്യങ്ങളിൽ നല്ല പരിചയം സിദ്ധിച്ചിട്ടുള്ളവരുമായ എലിയാബ്, അബിനാദാബ്, ശമ്മ ആദിയായവർ എല്ലാം ഉണ്ടായിരിക്കെ, കവിണയും കല്ലുമായി ആട്ടുപററങ്ങളുടെ പുറകെ ഓടി നടന്ന നിന്നെയാണോ ദൈവം ഈ മഹനീയ സ്ഥാനത്തേക്കു വിളിച്ചിരിക്കുന്നതു്. നിന്നെക്കാൾ ബലവാന്മാരായവരെ ഇഷ്ടപ്പെടാതെ നിന്നെ ഇഷ്ടപ്പെടുവാൻ ദൈവത്തിനു വല്ല ഉദ്ദേശവും ഉണ്ടായിരിക്കുമോ? ഉണ്ടു്; ഉണ്ടാകാം നിശ്ചയം. മനുഷ്യൻ നോക്കുന്നതുപോലെ

ഈ പുതിയ ദിവസത്തെ (ഞായറാഴ്ചയെ) വാഴ്ത്തി അനുഗ്രഹിച്ചു. ആയതുകൊണ്ടു ഞായറാഴ്ചയെ ആചരിച്ചിട്ടാവശ്യമില്ല എന്നുള്ള ചിലരുടെ ഉപദേശങ്ങളെ നാം ഗണിക്കാതെ ദൈവാരാധനയ്ക്കും കൎത്താവിന്റെ മഹത്വത്തിനുമായി നാം ഞായറാഴ്ചദിവസത്തെ ആചരിക്കേണ്ടതു നമ്മുടെ കൎത്തവ്യമാകുന്നു.

യല്ല ദൈവം നോക്കുന്നതു്. മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. ദൈവമോ ഹൃദയത്തെ നോക്കുന്നു.

രാജാധികാരം സ്ഥാപിക്കുന്നതിന്നു് ഇക്കാലത്തെപ്പോലെ അക്കാലത്തും യുദ്ധം ആവശ്യമായിരുന്നു. എന്നാൽ എല്ലാവരും ശത്രുപക്ഷക്കാരോടു മാത്രം യുദ്ധം ചെയ്യേണ്ടതായിരിക്കെ "പൈതൽ രാജാവി"ന്നു് ശത്രുക്കളായ ഫലസ്ത്യരോടും അതിനേക്കാൾ പ്രധാനമായി മിത്രവർഗ്ഗത്തിലെ ശത്രുക്കളോടും യുദ്ധംചെയ്യേണ്ടിവന്നിരുന്നു.

ദാവീദ്, ഗോല്യാത്തിനെ കൊലപ്പെടുത്തിയ സന്തോഷത്താൽ ജനങ്ങൾ പാടിക്കൊണ്ടിരുന്ന പാട്ടു്—അതായതു്, "ശൗൽ ആയിരത്തെ കൊന്നു. ദാവീദോ പതിനായിരത്തെ" എന്ന ആ പാട്ടു് ശൗൽ രാജാവിനെ ഏററവും കോപിപ്പിച്ചു. അന്നുമുതൽക്കു് ശൗൽ രാജാവിനു ദാവീദിനോടു കഠിനമായ വിദ്വേഷം ജനിക്കയും ദാവീദിനെ കൊല്ലുന്നതിനു രാപകൽ അക്ഷീണപരിശ്രമം ചെയ്കയും ചെയ്തുവന്നു. മരണഭയത്താൽ ദാവീദ് വനാന്തരങ്ങളെ അഭയംപ്രാപിച്ചു. അവിടെയും ശൗൽ സൈന്യവുമായി ചെല്ലുകയും ദാവീദിനെ വധിക്കാൻ ശരമാകാതെ ഭഗ്നാശയനായി മടങ്ങുകയും ചെയ്തു. ദാവീദിനെ ഇസ്രയേലിന്റെ രാജാവായി അഭിഷേകം ചെയ്യിച്ച ദൈവം, ശൗലിന്റെയും അവന്റെ സൈന്യങ്ങളുടേയും കയ്യിൽനിന്നു് അത്ഭുതകരമായി സൂക്ഷിക്കയും രക്ഷിക്കയും ചെയ്തിരുന്നു.

കാലതാമസമെന്യെ ഫലസ്ത്യരും ശൗലുമായി നടന്ന ഒരു യുദ്ധത്തിൽ ശൗലും അവന്റെ പുത്രന്മാരും മരിക്കയും ദാവീദ് സിംഹാസനത്തെ പ്രാപിക്കയും ചെയ്തു.

ദാവീദുരാജാവെ ജയ ജയ! എന്നു് എല്ലാവരും ഉൽഘോഷിച്ചു. ഇസ്രയേലിലെ ഉത്തമനായ— ദൈവഹൃദയപ്രകാരമുള്ള — ചിന്താവിശേഷങ്ങളോടുകൂടിയ ഒരു രാജാവായിത്തന്നെ ദാവീദു ജീവിച്ചു.

എന്നാൽ ഒരിക്കലും, ആരുടെയും സ്മരണയിൽനിന്നും മാഞ്ഞുപോകാത്ത ഒരു ക്രൂരകൃത്യം ദാവീദു ചെയ്യുന്നതായി നാം കാണുന്നുണ്ടു്. പ്രസ്തുത കഥയിലേക്കു വരുവാനായിരുന്നല്ലോ നാം ഇത്രദൂരം പ്രയാണംചെയ്തു ദാവീദിന്റെ ഇമ്പകരമായ ആ രാജസ്ഥാനത്തെ വിവരിച്ചതു്.

ഒരു ദിവസം സന്ധ്യയോടടുത്തു. രാജാവു രാജധാനിയിലെ മാളികപ്പുറത്തു് ഉലാത്തിക്കൊണ്ടിരിക്കയായിരുന്നു. തന്റെ സേനാനായകനായ ഉറിയായുടെ ഭാര്യ ബെത്ത്ശേബാ കൊട്ടാരത്തിന്നു് അടുത്തുള്ള കുളിക്കടവിൽ കുളിച്ചുകൊണ്ടിരിക്കയായിരുന്നു. രാജാവിന്റെ ദൃഷ്ടി അവളിൽ പതിഞ്ഞു. അവളെ കൊട്ടാരത്തിൽ കൊണ്ടുവരുവാൻ കല്പന കൊടുത്തു. കഷ്ടം! ദാവീദു പോയ വഴി എത്ര ദുർഘടമെന്നു് അവൻ അറിഞ്ഞില്ല. ബെത്ത്ശേബാ കൊട്ടാരത്തിൽ എത്തുകയും അവളെ അന്യായമായി ഭാര്യാപദത്തിലേക്കു രാജാവു് ആനയിക്കുകയും ചെയ്തു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ, താൻ രാജാവിനാൽ ഗർഭിണിയായിരിക്കുന്നു എന്ന ഒരു വർത്തമാനം ബത്ത്ശേബയിൽനിന്നും രാജാവിനു കിട്ടി. ഇതു കേട്ടയുടൻ രാജാവു് പ്രധാന സൈന്യാധിപന്റെ പേർക്കു് ഉറിയായെ ഉടനെ കൊട്ടാരത്തിലേക്കയപ്പാൻ ഒരു കല്പന കൊടുത്തയച്ചു. ഉറിയ കൊട്ടാരത്തിൽ എത്തി. സൈന്യത്തെപ്പററിയുള്ള വിശേഷവാർത്തകളെ രാജാവു ചോദിച്ചറിയുകയും താഴ്മയോടെ ഉറിയ മറുപടി പറകയും ചെയ്തു. ഉറിയായോടു തന്റെ വീട്ടിൽപോയി താമസിച്ചുകൊള്ളുന്നതിനായി രാജാവു് ആവശ്യപ്പെട്ടു. എന്നാൽ ഉറിയ വീട്ടിൽ പോകാതെ രാജഭൃത്യന്മാരോടുകൂടി രാജധാനിക്കു താഴെ കിടന്നുറങ്ങുകയാണു ചെയ്തതു്. പിറേറദിവസം രാജാവു് ഉറിയായെപ്പററി തിരക്കിയപ്പോൾ ഉറിയ വീട്ടിൽ പോയില്ലെന്നു് അറിയുകയും ഉറിയായെ വിളിപ്പിച്ചു കാര്യം ചോദിച്ചറികയും ചെയ്തു. അപ്പോൾ ഉറിയാ പറയുന്ന മറുപടികൊണ്ടു് ഉറിയായെ നമുക്കു മനസ്സിലാക്കുവാൻ കഴിയും. "ദൈവത്തിന്റെ സാക്ഷിയിൻപെട്ടിയും ഇസ്രായേലും യഹൂദായും കൂടാരത്തിൽ (യുദ്ധസ്ഥലത്തു) പാർക്കുന്നു. എന്റെ പ്രധാന സൈന്യാധിപൻ മോവാബും ഭൃത്യന്മാരും വെളിംപ്രദേശത്തു കിടക്കുന്നു. ഇങ്ങിനെയിരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും..........എന്റെ വീട്ടിൽ പ്രവേശിക്കുമോ? രാജാവിനാണ ഞാൻ അതു പ്രവർത്തിക്കയില്ല" ഇതായിരുന്നു ഉറിയാ

യുടെ മറുപടി. അഹൊ! ഉറിയ എത്ര വിശ്വസ്തൻ — അബ്രഹാം വിശ്വാസികളുടെ പിതാവെന്നപോലെ ഉറിയ വിശ്വസ്തന്മാരുടെ തലവൻതന്നെ. അവൻ ദൈവത്തെ എത്ര ഭയപ്പെട്ടു. അവൻ രാജാവിനേയും സൈന്യത്തെയും എത്ര സ്നേഹിച്ചു. അവൻ "ഡ്യൂട്ടി"യിൽ എത്ര വിശ്വസ്തൻ. കഷ്ടം! അവൻെറ നിര്യാണത്തിന്ന് അവൻെറ വിശ്വസ്തത കാരണമാക്കിത്തീർക്കയും ചെയ്തു.

ദാവീദിൻെറ ജ്ഞാനവും ദൈവഭയവും ഉറിയാവിൻെറ മറുപടിയിൽ അസ്തമിച്ചുപോയി - ഉറിയാ സമാധാനത്തോടെ അന്നു രാത്രി കഴിച്ചു. നേരം പ്രഭാതമായി. രാജാവ് ഒരു എഴുത്ത് എഴുതി ഉറിയാവശം പ്രധാന സൈന്യാധിപനു കൊടുത്തയച്ചു. ആ വിശ്വസ്തദാസൻ അതുമായി സൈന്യം പാളയമിറങ്ങി കിടക്കുന്ന സ്ഥലം ലാക്കാക്കി നടന്നുതുടങ്ങി. ഹാ, വിശ്വസ്ത പടയാളിയായ ഉറിയായെ! ഇസ്രായേൽ സൈന്യത്തിൻെറ മണിമകുടമേ, നീ എങ്ങോട്ടാണ് ഇത്ര ബദ്ധപ്പെട്ടു പോകുന്നത്. ഇസ്രായേലിൻെറ ജനത്തിനുവേണ്ടി നീ ബദ്ധപ്പെട്ടുകയാണോ. വീട്ടിൽപോലും കയറാതെ, ഭാര്യയെപ്പോലും കാണാതെ നീ എങ്ങോട്ടു ഓടുന്നു. ഒരു നേർച്ചപോലും പുറളാതെ രാജശാസനം അനുസരിച്ചു ഭദ്രമായി നിൻെറ കുപ്പായക്കീശയിൽ സൂക്ഷിച്ചിരിക്കുന്ന ആ ലേഖനം എന്തു്?

പ്രധാന സൈന്യനായകൻെറ മുൻപിൽ ഉറിയ എത്തി ഒരു "സല്യൂട്ടു"ചെയ്തു രാജകല്പന അദ്ദേഹത്തെ ഏല്പിച്ചു. സൈന്യാധിപൻ കല്പന തുറന്നു വായിച്ചു. സൈന്യാധിപൻ പരിഭ്രമിക്കുന്നു. ഇതു മായയോ! ദാവീദ്—ദൈവഭൃത്യനായ ദാവീദ്—ആട്ടിടയനായിരുന്ന-ദാവീദ്—"എൻെറ ഹൃദയപ്രകാരമുള്ളവ"നെന്നു ദൈവത്താൽ സാക്ഷ്യം ലഭിച്ച ദാവീദ്—ഒരു കുററവും ചെയ്യാത്ത വിശ്വസ്തനായ—അതിവിശുദ്ധനായ ഒരു പടയാളിയെ —അകാരണമായി വിശ്വാസഭംഗം ചെയ്യാഞ്ഞതിനാൽ "പട കഠിനമായി നടക്കുന്നിടത്തു് ഉറിയായെ മുന്നണിയിൽ നിർത്തി അവൻ വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം" ഇടയാകണം എന്നുള്ള കർശവും കരുണാരഹിതവുമായ ആജ്ഞ എങ്ങിനെ പുറപ്പെടുവിച്ചു. രാജകൽപ്പന! — രാജകൽപ്പന നിറവേററുകതന്നെ.

കഷ്ടം കഷ്ടം. വിശ്വസ്തഭൃത്യനെ! നീ ചുമന്നുകൊണ്ടുവന്ന കടലാസ് കഷണം നിന്നെ കൊല്ലുവാൻ തക്ക മൂർച്ചയുള്ള വാളായിരുന്നുവല്ലൊ. നീ എഴുത്തു ചുമന്നെങ്കിലും അതു നിന്നെ ചുമന്നുകൊണ്ടുവന്ന ശവമഞ്ചം ആയിരുന്നല്ലൊ

സൈന്യത്തിൻെറ മുന്നണിയിൽ ഉറിയായെ നിർത്തുകയും ശത്രുസൈന്യം അവനെ വെട്ടിക്കൊല്ലുകയും ചെയ്തു. ഹതന്മാരുടെ കൂട്ടത്തിൽ കിടക്കുന്ന ഉറിയായെ! നീ വിശ്വസ്തനായി മരിച്ചു. ഖേദിക്കേണ്ട; നീ ജീവിതത്തിൽ സത്യം പാലിച്ചു. പരിഭ്രമിക്കേണ്ട; വീരന്മാർക്കായുള്ള സ്വർഗ്ഗസ്ഥാനം നിനക്കായി കാത്തിരിക്കുന്നു.

ദാവീദുരാജാവിനെ—ഇസ്രയേൽ മഹാജനതയുടെ രാജാവിനെ—ഈനീചകൃത്യത്തിൽ കുററബോധപ്പെടുത്തുവാൻ ആരും ഉണ്ടായിരുന്നില്ല, ദാവീദ് ഈ വാർത്തയൊക്കെയറിഞ്ഞു സന്തോഷിച്ചിരിക്കണം. അവൻ ദൈവഹിതത്തിന്നു് ഒത്തപ്രകാരം പ്രവർത്തിക്കേണ്ടവനാണ് എന്ന ബോധം അവനിൽ അങ്കുരിക്കുന്നില്ല. എന്നാലും യഹോവയ്ക്കു് ഇതു് അനിഷ്ടമായി. നാഥാൻ എന്ന ദീർഘദർശിയെ ദാവീദിൻെറ അടുക്കൽ യഹോവ അയച്ചു. നാഥാൻ ഒരു ഉദാഹരണത്താൽ ദാവീദിൻെറ കുററത്തെപ്പററി അവനെ മനസ്സിലാക്കി. അപ്പോൾ ദാവീദ് ഉറക്കെ കരയുവാൻ തുടങ്ങി. എങ്കിലും നീതിമാനായ ദൈവം ഉറിയായ്ക്കു് വേണ്ടി ദാവീദിനോട് പകരം വീട്ടി. ദൈവം ദാവീദിനോടു പറയുന്നതു് "ഞാൻ നിൻെറ സ്വന്തഗൃഹത്തിൽ നിന്നു് നിനക്കു് അനർത്ഥം വരുത്തും. നീ കാൺകെ നിൻെറ ഭാര്യമാരെ ഞാൻ നിൻെറ കൂട്ടുകാരനു് കൊടുക്കും......" മുതലായ ശാപവാക്കുകൾ ആകുന്നു.

ഈ സംഭവത്തിനു ശേഷം ദാവീദിനു് മനോദുഃഖം വർദ്ധിച്ചു. ദൈവവചനപ്രകാരം തന്നെ ദാവീദിൻെറ പ്രിയപുത്രൻ അബ്ശാലോം ദാവീദിൻെറ ബദ്ധശത്രുവായി. ദാവീദ് അബ്ശാലോമിനെ ഭയന്നു് വനാന്തരങ്ങളെ അഭയം പ്രാപിച്ചു. ദാവീദിൻെറ വെപ്പാട്ടികളെഎല്ലാം

കാതോലിക്കാസ്ഥാപനം.

(ററി. വി. ജോർജ്ജ്)

ഒന്നാമത്തെ പൗരസ്ത്യമേല്പട്ടക്കാരൻ മാർ തോമ്മാ ശ്ലീഹായാണ്. സുവിശേഷഘോഷണാർത്ഥം വി. അപ്പോസ്തലന്മാർ നാനാരാജ്യങ്ങളിലേക്കു പോയ കൂട്ടത്തിൽ മാർ തോമ്മാ ശ്ലീഹായുടെ പ്രവർത്തനത്തിനു നിർദ്ദേശിക്കപ്പെട്ടതു് എഡേസാ മുതൽ കിഴക്കോട്ടുള്ള രാജ്യങ്ങളായിരുന്നു. പേർഷ്യായിൽ സുവിശേഷമറിയിച്ചതിന്റെ ശേഷം മാർ തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നു എന്നാണു പൗരസ്ത്യകാതോലിക്കായും ചരിത്രകാരനുമായ ബാർ എബ്രായ പ്രസ്താവിക്കുന്നതു്. വി. അപ്പോസ്തലന്മാർ പൗരസ്ത്യദേശങ്ങളിൽ സുവിശേഷഘോഷണം ചെയ്തതു് യേശുക്രിസ്തുവിന്റെ എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ മാർ

യിസ്രായേൽ ജനത്തിന്റെ മുൻപാകെ അബ്ശാലോം അശുദ്ധിപ്പെടുത്തി. ദാവീദിന്റെ മനോദുഃഖം ഏററവും വർദ്ധിച്ചു. അബ്ശാലോം ദാവീദിന്റെ പുത്രനായ അമ്നോനെ കൊന്നു. അബ്ശാലോമിനെ ദാവീദിന്റെ പട്ടാളം കുന്തം കൊണ്ടു് കുത്തിയും വടികൾകൊണ്ടു് "പേപ്പട്ടിയെത്തല്ലുന്നതുപോലെ തല്ലിയും" കൊന്നു. ഇതെല്ലാം കണ്ടും കേട്ടും ദാവീദ് മരണത്തോളം ദുഃഖത്തിലായി. എങ്കിലും ദാവീദ് തന്റെ ക്രൂരകൃത്യത്തിൽ അനുതപിച്ചതിനാൽ ദൈവം ദാവീദിനെ പിതാക്കന്മാരോടുകൂടിയുള്ള നിദ്രയ്ക്കു് അനുവദിച്ചു.

ഇങ്ങനെ ദാവീദും കടന്നുപോയി. അയ്യോ! നമ്മുടെ വിചാരഹീനമായ പ്രവൃത്തിയാൽ നാം എത്രയെത്ര നാശങ്ങളെ നമുക്കും ലോകത്തിനും വരുത്തിക്കൂട്ടുന്നു. നമ്മുടെ വിലപ്പോഴത്തെ ആഗ്രഹത്തിനു് എത്രപേരുടെ ജീവഹാനി വരുത്തുവാൻ ശക്തിയുണ്ടു്. ആലോചിപ്പിൻ! നീതിയുള്ള ന്യായാധിപതിയാൽ ശിക്ഷയേൽക്കുവാനുള്ള യാതൊരു പാപങ്ങളിലും ചെന്നു ചാടുവാൻ ഒരിക്കലും നാം ശ്രമിക്കരുതേ! ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നതു് ഭയങ്കരം.

"ദാവീദും പിഴപ്പെട്ടപ്പോൾ
കണ്ണുനീരാലവൻ കട്ടിൽ നനച്ചു
രാപകലായവൻ മുറയിട്ടു
അയ്യോ! നിനക്കും പിഴപെരുകി"

ദാവീദ് അവന്റെ പാപങ്ങൾക്കുവേണ്ടി തേറിയതിനാൽ അവനു് പിതാക്കന്മാരോടുകൂടെ നിദ്രയ്ക്കു് അവകാശം ലഭിച്ചു. നാം എല്ലാവരും പാപത്തിൽ കിടന്നു് വലയുന്നവരാകുന്നു. നമുക്കും ഹൃദയം തുറന്നുള്ള പശ്ചാത്താപം അത്യാവശ്യമാണ്. നാം നമ്മുടെ പാപങ്ങളെ ഏററുപറഞ്ഞു് പുതിയ ഒരു ജീവനിലേക്കു് പ്രവേശിക്കേണ്ടതു് അത്യാവശ്യമത്രേ. എന്നാൽ മാത്രമേ നാമും ക്രിസ്തീയമായ നല്ലയവസാനത്തിനു് യോഗ്യരായിത്തീരുകയുള്ളൂ. നമ്മുടെ ഭയങ്കരങ്ങളായ ഓരോ പാപങ്ങളും ഏററുപറഞ്ഞു് സത്യകുമ്പസാരം അനുഷ്ഠിച്ചു് നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ തിരുശരീരരക്തങ്ങൾ അനുഭവിക്കുമ്പോൾ നാം ഒരു പുതിയ ജീവൻ പ്രാപിക്കുന്നു. നമ്മുടെ പാപങ്ങൾക്കു് മോചനം ലഭിക്കുന്നു. നമ്മുടെ കർത്താവു് നമ്മിൽ വസിക്കുന്നു. "നിങ്ങളുടെ പാപം രക്താംബരംപോലെ ചുവന്നിരുന്നാലും ഹിമംപോലെ അതിനെ വെണ്മയാക്കും" എന്ന തിരുമൊഴി നമുക്കു് ആശ്വാസപ്രദമാകുന്നു. സത്യാനുതാപത്തിനുള്ള ഒരു കാലമാണു് നമുക്കു് ഇപ്പോൾ ലഭിച്ചിരിക്കുന്നതു്. ഈ പരിശുദ്ധനോമ്പിൽതന്നെ നാം സത്യഅനുതാപത്തോടെ കുമ്പസാരിച്ചു് വി. കുർബ്ബാന കൈക്കൊണ്ടു് നല്ല ക്രിസ്തീയ അവസാനത്തിനു യോഗ്യരായിത്തീരേണ്ടതു് അത്യാവശ്യമത്രേ.

ആദായി ആയിരുന്നു. കിഴക്കിന്റെ മേല്പട്ടക്കാരനെ മാർ ആദായിയുടെ കാലം മുതൽതന്നെ "വലിയമെത്രാപ്പോലീത്താ" എന്നു വിളിച്ചുവന്നു. ആദായിയുടെ പിൻഗാമികളായി വന്ന വലിയ മെത്രാപ്പോലീത്തന്മാരിൽ ചിലർ യേശുക്രിസ്തുവിന്റെ വളർത്തുപിതാവായ മാർ യൗസേപ്പിന്റെ വംശജന്മാരായിരുന്നു; ആദായിയും അദ്ദേഹത്തിനുശേഷം വാണ ആഗായിയും ഉറഹാ (എഡേസാ) യെ തങ്ങളുടെ ആസ്ഥാനമാക്കി വച്ചിരുന്നു. ആഗായിക്കുശേഷം ഭരിച്ച 'മാറി,'യാകട്ടെ എഡേസായിൽ അക്കാലത്തു ഭരിച്ചിരുന്ന രാജാവിൽ നിന്നുമുണ്ടായ പീഡ നിമിത്തം കിഴക്കിന്റെ സിംഹാസനത്തെ സെലൂക്യായിലേക്കു മാററി സ്ഥാപിച്ചു. 'മാറി" മരിച്ചു. അനന്തരം എബ്രോസിയോസ്, അബ്രാഹാം, യാക്കോബ് എന്നിങ്ങനെ മൂന്നുപേർ യഥാക്രമം ഭരണം നടത്തി. ഈ യാക്കോബ് വരെയും പൗരസ്ത്യമേല്പട്ടക്കാരനു "കാതോലിക്കാ" എന്ന നാമമുള്ളതായി കാണുന്നില്ല. യാക്കോബിനുശേഷം പട്ടമേററു വരുന്നതിനായി പൗരസ്ത്യർ രണ്ടുപേരെ തെരഞ്ഞെടുത്ത് അന്ത്യോക്യായിലേക്ക് അയച്ചു. അന്ത്യോക്യാ മേല്പട്ടക്കാരന് ഇക്കാലത്തു പാത്രിയർക്കീസ് എന്ന നാമം ഉണ്ടായിരുന്നില്ല അദ്ദേഹവും സ്ഥാനത്തിൽ മററ് എപ്പിസ്കോപ്പന്മാരോടു തുല്യനായ ഒരു എപ്പിസ്കോപ്പാ മാത്രമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ അനുഗാമികൾക്ക് "ക്രിസ്ത്യാനികൾ" എന്ന പേരു സിദ്ധിച്ച സ്ഥലം, അപ്പോസ്തോലപ്രമുഖനായ വി. പത്രോസിന്റെ സിംഹാസനം, സിറിയായിലെ ഏററവും വലിയ വ്യാപാരകേന്ദ്രം എന്നീ നിലകളിൽ അന്ത്യോക്യായ്ക്കുള്ള പ്രശസ്തി നിമിത്തമാണ് ഈ രണ്ടുപേർ അന്ത്യോക്യായിലേക്ക് അയയ്ക്കപ്പെട്ടത്.

ഇക്കാലത്ത്—അതായത്—3-ാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ റോമാസാമ്രാജ്യവും പേർഷ്യാസാമ്രാജ്യവും പരസ്പര ശത്രുതയോടുകൂടിയെങ്കിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. അന്ത്യോക്യായും സെലൂക്യായും പരസ്പരവൈരികളായി വർത്തിച്ചുവന്ന രണ്ടു ഗവർമ്മെൻറുകളുടെ അധീനത്തിൽ ആയിരുന്നതിനാൽ, ഈ രണ്ടു രാജ്യങ്ങളും ഒന്നിൽനിന്നു മറെറാന്നിലേക്കുള്ള പ്രവേശനത്തെ സർവ്വദാ സംശയബുദ്ധിയോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിലാണ് ആഹോദാബൂയിയും കോമേശുവും-അതായിരുന്നു ആ രണ്ടുപേരുടെ പേർ-പേർഷ്യൻ അതൃത്തി കടന്നു റോമൻ അതൃത്തിയിലേക്കു പ്രവേശിച്ചത്. അവർ അന്ത്യോക്യായിൽ ചെന്ന് ഒരു ക്രിസ്ത്യാനിയുടെ ഗൃഹത്തിൽ രാപാർത്തു. വിവരം ഗ്രഹിച്ച അധികാരികൾ ഇവർ പേർഷ്യൻ ഒററുകാരാണെന്നു സംശയിച്ചു പ്രസ്തുത ഭവനം വളഞ്ഞു. അപകടബോദ്ധ്യം വന്ന ആഹോദാബൂയി ഗവർമ്മെൻറധികാരികളുടെ കണ്ണിൽപെടാതെ എങ്ങനെയോ രക്ഷപെട്ടു യെറുശലേമിലേക്ക് ഓടി. കോമേശുവും വീട്ടുടമസ്ഥനും വധിക്കപ്പെടുകയുംചെയ്തു.

ഘാതകന്മാരിൽ നിന്നും രക്ഷപെട്ടുവന്ന ആഹോദാബൂയിയെ യെറുശലേമിലെ എപ്പിസ്കോപ്പന്മാർ യെറുശലേമിൽ വച്ചു പട്ടംകെട്ടി. കിഴക്കുള്ള എപ്പിസ്കോപ്പന്മാർ അവരുടെ തലവൻ മരിക്കുമ്പോൾ തിരഞ്ഞെടുക്കപ്പെടുന്ന ആളിനെ അവർതന്നെ പട്ടംകെട്ടിക്കൊള്ളുന്നതിനും, അന്ത്യോക്യായിലേക്കു പോകേണ്ട ആവശ്യം ഇല്ലെന്നും, കിഴക്കിന്റെ വലിയമെത്രാപ്പോലീത്താ "കാതോലിക്കാ" എന്നും "പാത്രിയർക്കീസ്" എന്നും പ്രഖ്യാപനം ചെയ്യപ്പെടണമെന്നും വിവരിച്ചു ഒരു സ്താത്തിക്കോൻ യെറുശലേം എപ്പിസ്കോപ്പൽസിനഡ് ആഹോദാബൂയിവശം കൊടുത്തു. ഇതു് അന്ത്യോക്യാമേല്പട്ടക്കാരന്റെ ഹിതത്തിന് അനുയോജ്യമായിരുന്നില്ല. ഇപ്രകാരം ക്രി. 230—ൽ കാതോലിക്കാസ്ഥാപനം പ്രഖ്യാപിക്കപ്പെട്ടു. ആദ്യത്തെ കാതോലിക്കാ ആഹോദാബൂയിയും ആയിരുന്നു.

ക്രി 325—ൽ നിഖ്യായിൽ സമ്മേളിച്ച സാർവ്വത്രിക സുന്നഹദോസിന്റെ ഭരണപരമായ ഒരു തീരുമാനം ഹൂദായകാനോൻ 7-ാം അദ്ധ്യായം 1-ാം പാസോക്കായിൽ വിവരിക്കുന്നുണ്ട്. "കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായ്ക്കു ഇതുമുതൽ മേലാൽ പാത്രിയർക്കീസിനെപ്പോലെ കിഴക്ക് മെത്രാപ്പോലീത്തന്മാരെ പട്ടം കെട്ടുവാൻ അധികാരം ഉണ്ടായിരിക്കണം. അദ്ദേഹം "കാതോലിക്കാ" എന്നു വിളിച്ചുപറയപ്പെടുകയുംവേണം. സുന്നഹദോസിൽ സന്നിഹി

തനാകുമ്പോൾ എല്ലാ മെത്രാപ്പോലീത്തന്മാർക്കും മേലായി യെറുശലേം പാത്രിയർക്കീസിനോടുകൂടെ അദ്ദേഹത്തിന്റെ സിംഹാസനം ക്രമപ്പെടുത്തപ്പെടണം." 3—ാംനൂററാണ്ടിന്റെ പ്രാരംഭത്തിലുണ്ടായ ഈ സ്ഥാപനത്തെ നിഖ്യാ സുന്നഹദോസ് സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നതു്.

കാതോലിക്കാ എന്നും പാത്രിയർക്കീസ് എന്നും പ്രഖ്യാപനം ചെയ്യപ്പെടണമെന്നാണ് യെറുശലേം സിനഡു നിശ്ചയിച്ചതു്. ഇന്നും യാക്കോബായക്കാരുടെ വി. കുർബ്ബാനയിലെ തുബ്ദേനിൽ കിഴക്കിന്റെ കാതോലിക്കായെ പാത്രിയർക്കീസ് എന്ന പേരിലാണ് ഓർക്കുന്നതു്. (ഒന്നാമത്തെ തുബ്ദേൻ കാണുക) മെത്രാപ്പോലീത്തന്മാരെ വാഴിക്കുക, മൂറോൻ കൂദാശ ചെയ്യുക മുതലായ വിശേഷാധികാരങ്ങൾ പാത്രിയർക്കീസിനും കാതോലിക്കായ്ക്കുമുണ്ടു്. കാതോലിക്കാ പാത്രിയർക്കീസിനെപ്പോലെതന്നെ അധികാരമുള്ള ആളാകയാൽ അദ്ദേഹത്തെയും പാത്രിയർക്കീസ് എന്നു സംബോധന ചെയ്യാറുണ്ടു്. ഒരു സഭയിലെ രണ്ടു ഘടകങ്ങളുടെ പരമാദ്ധ്യക്ഷന്മാരാണ് ഇവർ. ക്ഷണിക്കപ്പെടാതെ ഭരണപരമായ കാര്യങ്ങളിൽ പരസ്പരം കൈ കടത്തരുതെന്നും ഐക്യതയുടെ ദാർഢ്യത്തിനുവേണ്ടി അന്യോന്യം വാഴിക്കപ്പെടണമെന്നും പാത്രിയർക്കീസിനെ വാഴിക്കുമ്പോൾ കാതോലിക്കാ ക്ഷണിക്കപ്പെടാതിരുന്നാൽ കാതോലിക്കായെ വാഴിക്കുമ്പോൾ പാത്രിയർക്കീസിനെയും ക്ഷണിക്കേണ്ട ആവശ്യം ഇല്ലെന്നും മററുമുള്ള നിശ്ചയങ്ങളാൽ പിതാക്കന്മാർ പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും അധികാരങ്ങളും അതൃത്തികളും ക്ളിപ്തപ്പെടുത്തിയിട്ടുണ്ടു്. അന്ത്യോക്യായിലെ മേല്പട്ടക്കാരനു പാത്രിയർക്കീസ് എന്ന നാമം സിദ്ധിക്കുന്നതിനു മുമ്പുതന്നെ സെലൂക്യായിലെ മേല്പട്ടക്കാരനു കാതോലിക്കാ എന്നും പാത്രിയർക്കീസ് എന്നും നാമം സിദ്ധിച്ചു. നിഖ്യാ സുന്നഹദോസിനു 94 വർഷം മുമ്പു മുതൽ കാതോലിക്കാസ്ഥാപനം ഉള്ളതായി മുമ്പു കണ്ടുവല്ലോ.

ക്രി. 498—ൽ സെലൂക്യായിലെ യാക്കോബായ കാതോലിക്കായായ ആക്കേക്ക നെസ്തോറിയനായി. നെസ്തോർമതം പേർഷ്യായിൽ പ്രാബല്യപ്പെട്ടു. രാജാനുകൂല്യത്താൽ സംപുഷ്ടരായ നെസ്തോറിയരിൽനിന്നുമുണ്ടായ പീഡനിമിത്തം സെലൂക്യായിൽ ആസ്ഥാനം തുടർന്നുകൊണ്ടുപോകാൻ പ്രയാസമായിത്തീർന്നു. എങ്കിലും സഭ പ്രയാസേന പുരോഗമിച്ചുകൊണ്ടിരുന്നു. ക്രി. 628-ൽ അന്ത്യോക്യായെ ഭരിച്ചുകൊണ്ടിരുന്ന അത്താനാസ്യോസ് ഗാമോലോ എന്ന പാത്രിയർക്കീസിനെ പൗരസ്ത്യരായ ചില എപ്പിസ്ക്കോപ്പന്മാർ സമീപിച്ചു് തങ്ങൾക്കു കാതോലിക്കായെ വാഴിച്ചുതരണമെന്നു് ആവശ്യപ്പെട്ടു. പൗരസ്ത്യ എപ്പിസ്കോപ്പന്മാർക്കു തങ്ങളുടെ തലവനായ കാതോലിക്കായെ വാഴിക്കാൻ അവകാശവും ചുമതലയും ഉണ്ടെന്നു് ഒരു നിഖ്യാ കാനോൻ ചൂണ്ടിക്കാണിച്ചുകൊണ്ടു നിയമജ്ഞനായ പാത്രിയർക്കീസ് സമർത്ഥിച്ചു. അതിനാൽ കിഴക്കരായ എപ്പിസ്കോപ്പന്മാർ തന്നെ 628-ൽ "മൊറൂസ്സോ" എന്ന ഒരു ദയറായക്കാരനെ കാതോലിക്കാ ആയി വാഴിച്ചു. അതോടുകൂടി കാതോലിക്കായുടെ ആസ്ഥാനം തിഗ്രീസിലേക്കു മാററി സ്ഥാപിച്ചു. കാതോലിക്കാ എന്ന നാമത്തിൽതന്നെ നെസ്തോറിയ മതാദ്ധ്യക്ഷനും അറിയപ്പെട്ടിരുന്നതിനാൽ ഓർത്തഡോക്സ് കാതോലിക്കാ ഇവിടംമുതൽ "മപ്രിയാനാ" എന്ന പേരിൽകൂടി അറിയപ്പെട്ടുവാൻ തുടങ്ങി

റോമാസാമ്രാജ്യത്തിന്റെ അധികാരാതൃത്തിക്കു കിഴക്കു പേർഷ്യ; തുടങ്ങി കിഴക്കോട്ടുള്ള ഭൂവിഭാഗങ്ങൾ കാതോലിക്കായുടെ അധികാരസീമയിൽപെടുന്നു. മലങ്കരസഭ 3-ാംനൂററാണ്ടുമുതൽ തന്നെ കാതോലിക്കാസിംഹാസനത്തിനു വിധേയമായിരുന്നു. മലങ്കരസഭയുടെ ഭരണത്തിനായി കാതോലിക്കാമെത്രാന്മാരെ അയച്ചുകൊണ്ടിരുന്നതായി ചരിത്രസാക്ഷ്യങ്ങളുണ്ടു്. ക്രി 1843-ൽ മാർ മത്യൂസ് അത്താനാസ്യോസ് അന്ത്യോക്യായിൽനിന്നു പട്ടമേററു വന്നതുമുതലാണ് ഇവിടെ അന്ത്യോക്യൻ ബന്ധം ആവിർഭവിച്ചതു്. പൗരസ്ത്യകാതോലിക്കായുടെ കീഴിലുള്ള മഹാ ഇടവകയും അന്ത്യോക്യാപാത്രിയർക്കീസിന്റെ കീഴിലുള്ള മഹാഇടവകയും തമ്മിലുള്ള സഹോദരീബന്ധം ഇവിടെ വിസ്മരിക്കുന്നില്ല. ആ ബന്ധം മലങ്കരസഭയുമായുള്ള അന്ത്യോക്യൻ ബന്ധത്തിനു് എളുപ്പമുണ്ടാക്കി.

കേരളസഭകളുടെ യോജിപ്പ്.

ഐസക്കിന്റെ കത്തും കുരുവിളയുടെ മറുപടിയും.

(മലങ്കരസഭാതാരക പത്രാധിപര്‍ക്കു് മി. കെ. ഐ. ഐസക്ക് കൊല്ലമ്പറമ്പില്‍, കോട്ടയം അയച്ച കത്തും ലേഖനവും 1950 ഫെബ്രുവരിയിലെ താരകയില്‍നിന്നു് ഉദ്ധരിച്ചുകൊള്ളുന്നു. പ).

യാക്കോബായ, മാര്‍ത്തോമ്മാ സഭകളുടെ യോജിപ്പു്.

മലങ്കര സഭാതാരക പത്രാധിപര്‍ക്കു,

മാന്യരെ,

ഞാന്‍ ഒരു യാക്കോബായക്കാരനും യാക്കോബായ മാര്‍ത്തോമ്മാ സഭകളുടെ ഐക്യത്തിനു ആത്മാര്‍ത്ഥമായി ആഗ്രഹിക്കുന്ന ഒരാളുമാണു്. യാക്കോബായക്കാരുടെ ഒരു നാവായ "മലങ്കര സഭ" എന്ന മാസികയില്‍ ജനുവരി ലക്കത്തിലെ ഒരു പത്രാധിപക്കുറിപ്പു് താങ്കളും വായിച്ചുകാണുമല്ലോ. അതില്‍നിന്നു ഉണ്ടായേക്കാവുന്ന അമര്‍ഷം തീരുവാനും സൃഷ്ടിപരമായ ഒരു ഉല്‍ബോധനം കൊടുക്കുവാനും ഈ ലേഖനം പര്യാപ്തമാകുമെങ്കില്‍ ഇതു നിങ്ങളുടെ മാസികയില്‍ പ്രസിദ്ധീകരിക്കുമല്ലോ.

കേരള സഭകളുടെ യോജിപ്പു് എന്ന ശീര്‍ഷകത്തില്‍ "മലങ്കര സഭ" എന്ന മാസികയുടെ കഴിഞ്ഞ ജനുവരി ലക്കത്തില്‍ പ്രസിദ്ധപ്പെടുത്തിയിരുന്ന പത്രാധിപക്കുറിപ്പു് "മലങ്കരസഭ"യെപ്പോലെയുള്ള ഒരു മാസികക്കു് ഒട്ടും യോജിച്ചതല്ലെന്നു് പറയാതെ തരമില്ല. സാധാരണ മര്യാദയുടെ സീമയെ അതിലംഘിച്ചു സഹിഷ്ണുതയെ ചവുട്ടി തേക്കുന്ന അതിലെ പ്രസ്താവനകളും സമര്‍ത്ഥനങ്ങളും അധികൃതമായിട്ടാണോ പത്രാധിപക്കുറിപ്പുകള്‍ക്കിടയില്‍ സ്ഥലം പിടിച്ചതെന്നുപോലും സംശയിക്കുന്നു. "ഇതുസംബന്ധിച്ചു വായനക്കാരുടെ അഭിപ്രായങ്ങള്‍ അറിവാന്‍ ഞങ്ങള്‍ ആഗ്രഹിക്കുന്നു" എന്നുള്ള അവസാനവാക്യം നിമിത്തമല്ലെങ്കില്‍ ഇതിലേക്കു ഒന്നുകൂടി നോക്കുവാന്‍ പോലും സാധാരണ വായനക്കാര്‍ ഇഷ്ടപ്പെടുകയില്ല. മാര്‍ത്തോമ്മാക്കാരെ കുററം പറഞ്ഞു നിര്‍വൃതി നേടുന്നതില്‍ കൂട്ടുപിടിക്കാനല്ല ഈ ക്ഷണം എന്നുവരികില്‍ പ്രസ്തുത ലേഖനത്തെ ആദ്യന്തം വിമര്‍ശിക്കുവാനല്ലാതെ തരമില്ല. ഈ ലേഖനോദ്ദേശം അതല്ലെങ്കിലും നിന്ദ്യമായ പരാക്ഷേപംകൊണ്ടു സ്വയമഹിമ ചേര്‍ക്കാമെന്നു വല്ല ധാരണയുമുണ്ടെങ്കില്‍ അതു തികച്ചും ആത്മഹത്യാപരമാണെന്നു മുന്‍മ്പേ അറിയിച്ചുകൊള്ളുന്നു. "അവരുടെ നേതാക്കന്മാര്‍ സമുദായാംഗങ്ങളില്‍, പ്രത്യേകിച്ചു യുവജനങ്ങളില്‍ തീഷ്ണത ഉളവാക്കുന്നതു് നമ്മള്‍ അവരെ വെറുംകയ്യോടെ ഇറക്കിവിട്ടു എന്ന പല്ലവി പാടിയത്രെ" എന്നിത്യാദി *അന്തസ്സാരവിഹീനങ്ങളായ ജല്പനങ്ങള്‍

* എന്നാല്‍ ഇക്കഴിഞ്ഞ മാരാമണ്‍ കൊണ്‍വെന്‍ഷനില്‍ മാര്‍ മത്യൂസ് അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമനസ്സുകൊണ്ടു താഴെ കാണുന്നപ്രകാരം പ്രസ്താവിച്ചതായി 1125 കുംഭം 13-ാംനു-ലെ പൗരധ്വനിയില്‍ കാണുന്നു.

"മാര്‍ത്തോമ്മാ സഭയ്ക്കു പഴയസിമ്മനാരി, നേത്രവേലി നിലം, പട്ടിപ്പണം മുതലായവ നഷ്ടപ്പെട്ടതിനെപ്പററി സാന്ദര്‍ഭികമായി ഇങ്ങനെ പറഞ്ഞു.— അവ പോയതുകൊണ്ടുള്ള മനസ്താപം കൊണ്ടല്ല. പഴയ സിമ്മനാരിക്കു പകരം നാലുകെട്ടോടും രണ്ടുഗോപുരങ്ങളോടും കൂടിയ ഒരു ബ്രഹ്മാണ്ഡ കെട്ടിടമുണ്ടായിട്ടുണ്ടു്. നേത്രവേലി നിലത്തിനുപകരം 300 പറനിലമുണ്ടു്, വട്ടിപ്പണത്തിനുപകരം ഒരു ലക്ഷത്തി മുപ്പതിനായിരം രൂപാ ധനമായിട്ടുണ്ടു്"............

യാക്കോബായക്കാര്‍ നമ്മെ വെറും കൈയ്യോടെ ഇറക്കിവിട്ടു എന്ന ഘോഷണം മാര്‍ത്തോമ്മാ സഭയില്‍

ചില പ്രത്യേക സാഹചര്യങ്ങളില്‍ അന്ത്യോഖ്യാ പാത്രിയര്‍ക്കീസ് തന്റെ സിംഹാസനം അന്ത്യോഖ്യായില്‍നിന്നു് അമീദ്, കിലിക്യാ, ത്തൂര്‍ അബ്ദീന്‍, മര്‍ദീന്‍, ഹോംസ് എന്നീ സ്ഥലങ്ങളിലേക്കു മാററി സ്ഥാപിച്ചിട്ടുള്ളതുപോലെ പൗരസ്ത്യ കാതോലിക്കായും തന്റെ സിംഹാസനം സെലൂക്യായില്‍നിന്നു തിഗ്രീസ്, മൂസല്‍, എന്നീ സ്ഥലങ്ങളിലേക്കു മാററി സ്ഥാപിച്ചിട്ടുണ്ടു്. 1912—ല്‍, ആ സിംഹാസനം അന്ത്യോഖ്യാ പാത്രിയര്‍ക്കീസ് ആയ വി. മോറാന്‍ മാര്‍ അബ്ദല്‍ മിശിഹാ ബാവായുടെ സഹകരണത്തോടുകൂടി മലങ്കരയിലേക്കു മാററി സ്ഥാപിക്കപ്പെട്ടു. മലങ്കരസഭാമാതാവിന്റെ സ്വാതന്ത്ര്യപ്പൊന്മുടിയായി അതു വിജയിച്ചരുളുന്നു. അതു് പാറമേല്‍ പണിയപ്പെട്ട ഭവനം പോലെ സുസ്ഥിരമാകയാല്‍ പെരുമാരി പെയ്താലും കൊടുങ്കാററടിച്ചാലും വിജയിച്ചു വിരാജിക്കതന്നെ ചെയ്യും.

എന്തു കാര്യസാദ്ധ്യത്തിനായി നമ്മുടെ പത്രാധിപർ കുറിച്ചിരിക്കുന്നെന്നു മനസ്സിലാകുന്നില്ല. ഒരു പത്രാധിപരുടെ തൂലിക ഇങ്ങനെ അധഃപതിക്കാമോ !! ഞാൻ മലൎന്നുകിടന്നുകൊണ്ടു തുപ്പി, എന്റെ മുഖത്തു തുപ്പൽ വീണതു് അയോഗ്യമായിപ്പോയി എന്നിപ്രകാരം പിറുപിറുക്കുന്നതും മററു വിചിത്ര വിജ്ഞാനങ്ങൾ തട്ടിമൂളിക്കുന്നതുമായ ആ ലേഖനം പോകുന്നവഴിക്കു പോകട്ടെ. കേരള സഭകളുടെ യോജിപ്പ് എന്നതിനെക്കുറിച്ചു സൃഷ്ടിപരമായി നമുക്കു് എന്തെങ്കിലും ചിന്തിക്കുവാനോ പ്രവൎത്തിക്കുവാനോ ഉണ്ടോ എന്നു നോക്കാം.

മലങ്കര സഭയിലെ ഭിന്നകക്ഷികൾ തമ്മിൽ വിശ്വാസാചാരങ്ങളിൽ യാതൊരു വ്യത്യാസവുമില്ലാഞ്ഞതിനാൽ സമാധാനസംഘടനയുടെ പരിശ്രമം വിജയം വരിക്കുന്നതിനു വലിയ പ്രതിബന്ധങ്ങൾ ഇല്ലായിരുന്നു. മാർത്തോമ്മാ സഭയും യാക്കോബായ സഭയും തമ്മിലുള്ള വിശ്വാസാന്തരങ്ങൾകൊണ്ടു് അവർ തമ്മിലുള്ള യോജിപ്പിനു കൂടുതൽ പ്രാൎത്ഥനയും പരിശ്രമവും ആവശ്യമാണെന്നു സമ്മതിച്ചേ തീരൂ. പ്രസ്തുത യോജിപ്പിനുള്ള ആഗ്രഹം ഇരു സഭാംഗങ്ങൾക്കും ഏറക്കുറെ ഉള്ളതാണു്. സഭകളുടെ ഐക്യം അത്യന്താപേക്ഷിതമെന്നു ദിനംപ്രതിയുള്ള സംഭവവികാസങ്ങൾ എല്ലാ പ്രവൎത്തനമണ്ഡലങ്ങളിലും നമ്മെ അനുനിമിഷം പ്രബോധിപ്പിക്കുന്ന ഈ കാലയളവിൽ, അതിന്റെ അസാദ്ധ്യതകളെ പർവ്വതീകരിച്ചും പരസ്പരം നീരസം ഉളവാക്കുന്ന ഭാഷ ഉപയോഗിച്ചും ഐക്യം സംജാതമാകാവുന്ന അന്തരീക്ഷം കലുഷിതമാക്കുന്നതു ശരിയല്ല. പൈതൃക ബന്ധങ്ങൾകൊണ്ടും വിവാഹ ബന്ധങ്ങൾകൊണ്ടും മറവും മാംസത്തിൽനിന്നു മാംസവും രക്തത്തിൽനിന്നു രക്തവുമായി ഇരുസമുദായാംഗങ്ങളും അവരുടെ ബന്ധുത്വവും ചാർച്ചകൾ തുടൎന്നു കൊണ്ടുപോകുന്നവരെന്നുള്ള പരമാൎത്ഥം ആർക്കു് ഒളിക്കുവാൻ സാധിക്കും? മുടിയൻപുത്രന്റെ ജ്യേഷ്ഠന്റെ സ്വഭാവം യാക്കോബായക്കാരിൽ വളൎത്തരുതു്. മാർത്തോമ്മാക്കാരുമായി യോജിക്കണമെന്നു് അതിലെ അംഗങ്ങൾക്കു് "ചിലർക്കെങ്കിലും" ഒരാഗ്രഹം ഉള്ളതു സ്വാഭാവികമല്ലെങ്കിൽ ക്രിസ്തീയമെങ്കിലും അല്ലയോ. യാക്കോബായ സഭയിലെ കക്ഷിവഴക്കവസാനിക്കുവാൻ ഹൃദയം തകൎന്നു പ്രാൎത്ഥിക്കുകയും പരിശ്രമിക്കയും ചെയ്തിട്ടുള്ള മാർത്തോമ്മാക്കാർ എത്രയുണ്ടെന്നു പത്രാധിപർക്കു അറിഞ്ഞുകൂടെന്നു തോന്നുന്നു. ഐക്യവാഞ്ഛയില്ലാത്തവണ്ണം അവർ അത്ര അന്യപ്പെട്ടോ അധഃപതിച്ചോ പോയിട്ടില്ല. നിലവിലിരിക്കുന്ന പലവിധ ബന്ധങ്ങളാൽ പ്രസ്തുത വാഞ്ഛ ഉദ്ദീപിപ്പിക്കപ്പെടുകതന്നെ ചെയ്യുമെന്നു പ്രതീക്ഷിക്കാം. യാക്കോബായക്കാരും മാർത്തോമ്മാക്കാരും കൂടിച്ചേൎന്ന ഒരു സമുദായത്തെ മാത്രമേ ഭാവിയിൽ കാണുവാൻ കഴികയുള്ളുവെന്നു പ്രകൃതിയും നമ്മെ ഉദ്ബോധിപ്പിക്കുന്നു. എന്തെന്നാൽ ക്രൈസ്തവസമുദായത്തിന്റെ പ്രത്യേകിച്ചു്, അസ്ഥിവാരമായ കുടുംബജീവിതത്തിൽ പ്രസ്തുത സങ്കലനം എത്രമാത്രം പ്രതിഷേധിക്കപ്പെട്ടാലും ദൃഢമൂലമായി തന്നെ നിലനിൎത്തപ്പെട്ടുപോരുന്നു. അതിനെ എതിൎക്കുന്നതു തോൽവിക്കാണെങ്കിൽ , വിവേകപൂൎവ്വം അനുകൂലിക്കുന്നതു വിജയോന്മുഖമായിരിക്കും.

ത്യാഗസമ്പൂർണ്ണരും സ്നേഹസമ്പന്നരുമായ മാർത്തോമ്മാ യുവജനങ്ങളെ യാക്കോബായ സഭാസമാധാനസംഘടനയുടെ പ്രവൎത്തനവിജയം ആനന്ദതുന്ദിലരാക്കി അവരിതാ സഭകളുടെ യോജിപ്പിനു സഹായഹസ്തം നീട്ടിയിരിക്കുന്നു. യാക്കോബായ സഭയിലെയും മാർത്തോമ്മാ സഭയിലെയും യുവജനങ്ങൾ ഇന്നു് അക്കരെയും ഇക്കരെയും നിന്നു പരസ്പരം മാടിവിളിക്കുന്നെങ്കിൽ നാളെ അവർ യോജിപ്പിന്റെ ദിവ്യവാഹിനിയിൽ ഒന്നിച്ചുകൂടുന്നതായിരിക്കും. ഇതിനൊക്കെ മകുടം ചാൎത്തി മാറു് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു യഥാവസരങ്ങളിൽ ചെയ്തിട്ടുള്ള ഐക്യതല്പരപ്രസ്ഥാവനകളും യോഗ്യമായ ആഹ്വാനങ്ങളും കിടക്കെ, യാക്കോബായക്കാരിൽ ചിലർക്കെങ്കിലും യോജിപ്പിനു് ആഗ്രഹമുണ്ടെങ്കിലും "മാർത്തോമ്മാ സഭയിൽ ആൎക്കെങ്കിലും അങ്ങിനെ ആഗ്രഹം ഉള്ളതായി അറിവില്ല" എന്നു "മലങ്കരസഭ" പത്രാധിപർക്കുള്ള പരഹൃദയജ്ഞാനം പുറത്തെടുക്കാവുന്നതല്ല. ഐക്യത്തിന്റെ മുതിരിക്കുല പൂത്തു കാണുമ്പോൾ, നശിപ്പിക്കരുതു്, ഒരനുഗ്രഹം അതിലുണ്ടെന്നു മനസ്സിലാക്കണം.

പത്രാധിപർ ചൂണ്ടിക്കാണിക്കുന്ന വിശ്വാസവ്യത്യാസങ്ങൾ ചരിത്രം വിളിച്ചുപറയുന്നതാണു്. നിർമ്മല വിശ്വാസത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ കഴിഞ്ഞുകൂടുന്ന സത്യവിശ്വാസികളെന്നഭിമാനിക്കുന്ന നാം അവരുടെ നേരെ പ്രയോ

സൎവ്വസാധാരണമത്രെ. ആ പ്രസ്താവന കേൾക്കുമ്പോൾ അവരുടെ യുവാക്കൾക്കു നമ്മോടു വൈരാഗ്യവും സ്വസഭയോടു തീക്ഷ്ണതയും ഉണ്ടാകുന്നതു അത്ഭുതമല്ല. മുമ്പു ചില മെത്രാപ്പോലീത്തന്മാരും പ്രമുഖ വൈദികന്മാരും ഉപദേശിമാരും ഇപ്രകാരം സുവിശേഷഘോഷണവേളയിൽ ഘോഷിച്ചിട്ടുള്ളതായി ഞങ്ങൾക്കു സൂക്ഷ്മമായി അറിയാം. ഇതു ഐക്യത്തിന്റെ മനഃസ്ഥിതിയോ? ഏതാണു അന്തസ്സാരവിഹീനം?

പ.

ഗിച്ച ശരം ഏതു് ആവനാഴിയിൽ സൂക്ഷിച്ചതായിരുന്നു? തത്വങ്ങളും അവയുടെ പ്രയോഗങ്ങളും പരസ്പര വിരുദ്ധങ്ങൾ ആകുമ്പോൾ അവ രണ്ടും നിരർത്ഥകങ്ങളായി വിധിക്കപ്പെട്ടുമെന്നുവരികിൽ അത്ര അതിശയമല്ല. കാലമാകുന്ന ഔഷധധാര പഴയ മുറിവുകൾക്കും സൗഖ്യദായമാണു്. ദുർഗ്ഗന്ധദുർവഹങ്ങളായ ഭൂതകാലസംഭവങ്ങളുടെ ശവക്കല്ലറകൾ തുറന്നുനോക്കാതെ മൂടിക്കിടന്നുകൊള്ളുവാൻ അനുവദിക്കുക. വിശാലസുന്ദരമായ സ്വാതന്ത്ര്യഭാരതത്തിൽ ക്രിസ്ത്യാനികളായ നമുക്കു് ഏകയോഗമായി ക്രൈസ്തവധർമ്മം പുലർത്തുവാനുള്ള ദിവ്യദർശനത്തിന്റെ മഹത്വവീക്ഷണത്തിലേക്കു ഉയരാം.

വിശ്വാസസംബന്ധമായ കാര്യങ്ങളിൽ എത്രമാത്രം വ്യത്യാസമുണ്ടെന്നും ഏതെല്ലാം ഐക്യസാദ്ധ്യതകൾ ഉണ്ടെന്നും കൂലങ്കഷമായ ഒരന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനു് ഇരുഭാഗത്തുനിന്നും പ്രാപ്തരായ ആളുകളെ ഉൾക്കൊള്ളുന്ന ഒരു കമ്മീഷനെ അധികൃതമായി നിയമിക്കുകയും, അവരുടെ റിപ്പോർട്ടിന്മേൽ ഇരുസഭകളുടേയും മേലദ്ധ്യക്ഷന്മാർ കൂടി തീരുമാനിക്കുന്നതു് അന്ത്യതീരുമാനമായി സ്വീകരിക്കയും ചെയ്യുന്നതു നന്നായിരിക്കും. ഏതെങ്കിലും ഒരു സഭയുടെ വിശ്വാസത്തിലേക്കു മറ്റേതിനെ കീഴ്പ്പെടുത്തുവാൻ ഇപ്പോൾ പുറപ്പെടുന്നതു ബാലിശമായിരിക്കും. ഏതെങ്കിലും ഒരു സംഗതിയിൽ ഐക്യപ്പെടുവാൻ സാധിക്കുന്നില്ലായെങ്കിൽ അതു് അനപഹാര്യമായി ഇരുന്നുകൊള്ളട്ടെ. ഇരുസഭക്കാരുടെയും വിശ്വാസശിക്ഷണമനുസരിച്ചുള്ള വീക്ഷണഗതി അഭംഗമായി സ്വീകരിക്കുവാൻ അവരവർക്കുണ്ടായിരിക്കുന്ന ധാർമ്മികമായ സ്വാതന്ത്ര്യം ക്രൈസ്തവസേവനത്തിനായുള്ള ഐക്യത്തിനു ഭംഗമായിരിക്കയുമില്ല. ആയതിനാൽ വൈരുദ്ധ്യങ്ങളെ വലുതാക്കാതെ അധികൃതമായി ഇരുസഭയിൽനിന്നും ഒരു കമ്മീഷനെ നിയമിച്ചു മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഒരു റിപ്പോർട്ടു തയ്യാറാക്കുന്നതിനായി വന്ദ്യ മേലദ്ധ്യക്ഷന്മാർ ശ്രമിക്കുന്നതു പുരോഗമനപരമായിരിക്കും. മലങ്കര യാക്കോബായ സഭാസമാധാന സംഘടനയുടെ ശ്രദ്ധയും ഇക്കാര്യത്തിൽ സത്വരം പതിയുന്നതാണെന്നും അവരുടെ മാർത്തോമ്മാ സഹോദരങ്ങളോടു് ഒത്തു പ്രവർത്തിക്കുന്നതിനു തയ്യാറാണെന്നും അതിന്റെ ഒരു എളിയ പ്രവർത്തകനെന്ന നിലയിൽ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ ചിലർ ഭയപ്പെടാറുണ്ടായിരുന്നതുപോലെ യുവജനങ്ങൾ സഭാകാര്യങ്ങൾ "പിള്ളേരുകളിയായിട്ടു്" ചെയ്യുകയില്ല. അധികൃത സ്ഥാനങ്ങൾ അർഹിക്കുന്ന പ്രാധാന്യതകൊടുത്തു്; യുക്തിക്കും ഭക്തിക്കും യോഗ്യമായ വിധത്തിൽ സംഘടന ഇതുവരെ പ്രവർത്തിച്ചപ്രകാരം മാത്രമേ ഇതിലും പ്രവർത്തിക്കയുള്ളു. "കുഴമറിച്ചിൽ" ഒന്നും വന്നുകൂട്ടുകയില്ല. ഭാരതത്തിലെ അനേകകോടി അക്രൈസ്തവരോടു് നമുക്കുള്ള ക്രൈസ്തവധർമ്മം നിർവഹിക്കുവാൻ തോളോടുതോൾ ചേർന്നു് ക്രിസ്തുവിന്റെ കൊടിക്കീഴിൽ അണിനിരക്കാം. ക്രിസ്തുവാണു് നമ്മുടെയെല്ലാം നായകനും പരമലക്ഷ്യവും.

കെ. ഐ. ഐസക്കു്.

കൊല്ലമ്പറമ്പിൽ, വലിയങ്ങാടി,
കോട്ടയം, 20-1-1950.

കേരളസഭകളുടെ യോജിപ്പ്.

"മലങ്കരസഭാ" മാസിക പത്രാധിപർ അവർകൾക്കു്.

സർ,

1125 ധനു ലക്കം മാസികയിൽ "കേരളസഭകളുടെ യോജിപ്പു്" എന്ന ശീർഷകത്തിലുണ്ടായിരുന്ന പത്രാധിപക്കുറിപ്പു വായിച്ചു. പ്രസ്തുത പത്രാധിപക്കുറിപ്പിൽ അമർഷം പ്രദർശിപ്പിച്ചുകൊണ്ടു കോട്ടയം വലിയങ്ങാടിയിൽനിന്നുള്ള ഒരു മി. കെ. ഐ. ഐസക്കു് മാർത്തോമ്മാ സമുദായ നാവായി പുറപ്പെടുന്ന "മലങ്കര സഭാതാരക"യിൽ പത്രാധിപർക്കു് ഒരു കത്തോടുകൂടി "യാക്കോബായമാർത്തോമ്മാ സഭകളുടെ യോജിപ്പു്" എന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നതു കാണുകയുണ്ടായി. ഈ മാന്യൻ ഈ ലേഖനമെഴുതുന്ന ആൾകൂടി ഉൾപ്പെട്ട കോട്ടയം ചെറിയപള്ളി സൺഡേസ്കൂൾ അദ്ധ്യാപക സംഘടനയിലെ ഒരു അംഗവും, സ്വയം ഒരു "ലീഗു പ്രവർത്തകൻ" എന്നു "അഭിമാനിക്കുന്ന" ആളുമെന്ന നിലക്കു സുപരിചിതനുമാണ്. സഭാകാര്യങ്ങളിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചുവന്ന ഈ ചെറുപ്പക്കാരന് ഇങ്ങനെയൊരു തലതിരിച്ചിൽ ഉണ്ടാകുവാനുള്ള ഹേതു എന്തെന്നു മനസ്സിലാക്കുവാൻ എനിക്കു പ്രയാസമുണ്ടായില്ല. കാരണം "വിവാഹബന്ധങ്ങൾകൊണ്ടും മറ്റും മാംസത്തിൽനിന്നു മാംസവും രക്തത്തിൽനിന്നു രക്തവുമായി ഇരുസമുദായാംഗങ്ങളും അവരുടെ ബന്ധവെച്ചാലി

കൾ തുടൻകൊണ്ടുപോകുന്നു" എന്നുള്ള പരമാൎത്ഥം അദ്ദേഹം തുറന്നു പറഞ്ഞതുകൊണ്ടാണു്. സഭാവിശ്വാസാചാരങ്ങളിൽ അടിയുറച്ച ഭക്തിയോടുകൂടി ഒരു യാക്കോബായ ക്രൈസ്തവ ഭവനത്തിൽ വളൎത്തപ്പെട്ട ഈ യുവാവിനു് ഏതാണ്ടു പത്തുമാസങ്ങൾക്കിപ്പുറം ഉണ്ടായ ഈ ഭാവവ്യത്യാസം അദ്ദേഹത്തിന്റെ വിവാഹബന്ധംമൂലം സംഭവിച്ചതുതന്നെയാകുന്നു എന്നു ഞാനും സമ്മതിക്കുന്നു.

കേരള ക്രൈസ്തവസഭകൾ തമ്മിൽ യോജിച്ചു് ഏക ക്രൈസ്തവസഭയായി മുന്നോട്ടു പോകുന്നതു നല്ലതും പോകേണ്ടതു് ആവശ്യവുമാകുന്നു എന്നതിൽ പക്ഷാന്തരത്തിനു് അവകാശമില്ല. അതു് ഏതു് അടിസ്ഥാനത്തിൽ സാധിക്കാം എന്നതത്രെ ഈ അവസരത്തിൽ ചിന്തനീയമായിട്ടുള്ളതു്.

കേരള ക്രൈസ്തവ സഭകളിൽ ഇന്നു പ്രാബല്യമേറി നില്ക്കുന്ന റോമാസഭയും കേരള ക്രൈസ്തവസഭകളുടെ യോജിപ്പിനുവേണ്ടി അവരുടെ സർവവിധ സ്വാധീനങ്ങളും ചെലുത്തുന്നുണ്ടു്. എങ്കിലു എന്തുകൊണ്ടാണു് ആ യോജിപ്പു് കൈവരാത്തതു്? സഭയ്ക്കു് അതിന്റെ വിശ്വാസം സർവപ്രധാനമാണു്. വിശ്വാസത്തിൽനിന്നും വ്യതിചലിച്ചാൽ സഭ സഭയല്ല. ആദിമക്രൈസ്തവർതന്നെ "വിശ്വാസികൾ" എന്ന സംജ്ഞയാൽ അത്രെ അറിയപ്പെട്ടിരുന്നതു്. ക്രിസ്തുവിന്റെ അനുകാരികൾക്കു "ക്രിസ്ത്യാനികൾ" എന്ന നാമം ഉണ്ടാകുന്നതിനു മുമ്പുതന്നെ വിശ്വാസികൾ എന്ന നാമം അവൎക്കു സിദ്ധിച്ചിരുന്നു. 4-ാംനൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി സഭയിൽ പാഷണ്ഡതകൾ കടന്നുകൂടുകയും വിശ്വാസവിപരീതികൾ സഭാഗാത്രത്തിൽനിന്നു ഛേദിക്കപ്പെടുകയും ചെയ്തുള്ള മത വിശ്വാസവിപരീതികളിൽനിന്നും വിശ്വാസികൾ തിരിച്ചറിയപ്പെടുന്നതിനായി "സത്യവിശ്വാസികൾ" അഥവാ "ഓർത്തഡോക്സുകാർ" എന്നു വിളിക്കപ്പെട്ടു. സത്യവിശ്വാസത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ പിതാക്കന്മാർ അനവധി പീഡകളും ക്ലേശങ്ങളും സഹിച്ചു. അപ്പോസ്തോലകാലംമുതലുള്ള സഭാചരിത്രം നോക്കുന്നപക്ഷം അതു രക്തസാക്ഷികളുടെ ഒരു ചരിത്രമാണെന്നു കാണുവാൻ കഴിയും. ആ വിശ്വാസധീരന്മാരുടെ രക്തം സഭയ്ക്കു വളമായിത്തീരുകയും സഭാതരു അതിന്റെ ശാഖോപശാഖകളെ നാലുപാടും വീശുകയും ചെയ്തു. 4-ാംനൂറ്റാണ്ടിൽ, പുണ്യവാനായ മാർ അത്താനാസ്യോസ് സത്യവിശ്വാസത്തിനുവേണ്ടി ധീരധീരം പോരാടിയ വസ്തുത ഈ അവസരത്തിൽ പ്രത്യേകം ചിന്താർഹമാണു്. 'സാരാംശത്തിൽ പുത്രൻ പിതാവിനോടു സമനല്ല' എന്നു വാദിച്ച അറിയോസ്വപക്ഷപാതികളെയും "സാരാംശത്തിൽ പിതാവും പുത്രനും സമമാണെ"ന്നു വാദിച്ച അത്താനാസ്യോസിനെയും തമ്മിൽ രമ്യപ്പെടുത്താൻവേണ്ടി "സാരാംശത്തിൽ പുത്രൻ പിതാവിനെപ്പോലെയാണെ"ന്നുള്ള ഒരു മദ്ധ്യസ്ഥതീരുമാനത്തിനു വഴിപ്പെട്ടു് അറിയോസുമായി യോജിക്കാൻ മാർ അത്താനാസ്യോസ് സമ്മതിച്ചില്ല. "ഹോമോയി ഊസിയോസ്" എന്ന എവുസേബിയോസിന്റെ മദ്ധ്യസ്ഥതീരുമാനത്തിനു വിധേയനാകാതെ ഒരു * അയോട്ടാ (i) അക്ഷരത്തിനു വിട്ടുവീഴ്ചചെയ്യാതെ "ഹോമോ ഊസിയോസ്" എന്ന തന്റെ സത്യവിശ്വാസവാദത്തെ അദ്ദേഹം അന്ത്യശ്വാസംവരെ മുറുകെ പിടിച്ചുകൊണ്ടു നിന്നു. "ഐക്യത്തിന്റെ മുന്തിരിക്കുല പൂത്ത"തായി അദ്ദേഹം കരുതിയില്ല വിട്ടുവീഴ്ചയ്ക്കു സന്നദ്ധനാകാതിരുന്ന ഈ അത്താനാസ്യോസിനെ പിന്താങ്ങുവാൻ ആരുമില്ലാതെ വന്ന അവസരത്തിലും "Athanasius contromndom', (അത്താനാസ്യോസ് ലോകത്തോടു് എതിർക്കുന്നു) എന്നു പറഞ്ഞു് അദ്ദേഹം ദൃഢവ്രതനായി നിലകൊണ്ടു. ഇന്നത്തെ ഐക്യവാദികളുടെ ദൃഷ്ടിയിൽ അവഹേളനാർഹനായി തോന്നാവുന്ന ആ ധീരോദാത്തനായ പിതാവാണു് ഇന്നു നാം നിത്യവും ചൊല്ലുന്ന വിശ്വാസപ്രമാണത്തിന്റെ പ്രധാന പ്രണേതാവു് എന്നുള്ളതു് ഈ സന്ദർഭത്തിൽ സവിശേഷം സ്മരണീയമത്രെ. സർവ ക്രൈസ്തവസമൂഹങ്ങളിലും അദ്ദേഹം ആരാദ്ധ്യനുമത്രെ.

മാർത്തോമ്മാ-തെന്നിന്ത്യാ ഐക്യസഭകളെപ്പറ്റി പറയുമ്പോൾ അവരുമായി യോജി

* ഇംഗ്ലീഷ് അക്ഷരമാലയിലെ i എന്ന അക്ഷരത്തിനു സമമായ ഗ്രീക്ക് അക്ഷരമാലയിലെ അക്ഷരം.

പ്പുണ്ടാകണമെങ്കിൽ അവർ സത്യവിശ്വാസത്തിലേക്കു തിരിച്ചുവരേണ്ടതാണ്. സഭ പരിശുദ്ധാത്മ നൽവരങ്ങളുടെ സംഭരണശാലയാണെങ്കിൽ അതു പകർന്നുകൊടുക്കുന്നതിനുള്ള കൃപാദ്വാരങ്ങളാണു കൂദാശകൾ. കൂദാശകളിൽ ഇന്നത്തെ മാർത്തോമ്മാസഭയ്ക്കു വിശ്വാസമുണ്ടോ? മാമോദീസായിലെ വീണ്ടും ജനനം, വി. കുർബ്ബാന ഒരു ബലിയാകുന്നു എന്നും കുർബ്ബാനയിലെ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിന്റെ സാക്ഷാൽ തിരുശരീരവും തിരുരക്തവുമാകുന്നു എന്നും ഉള്ള വിശ്വാസം, പട്ടക്കാരുടെ പാപമോചനാധികാരം, മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത; വിശേഷിച്ചു നമ്മുടെ രക്ഷകനെ പത്തുമാസം ഉദരത്തിൽ വഹിച്ചു പ്രസവിച്ചു പാലൂട്ടി വളർത്തിയ പരിശുദ്ധ മാതാവിനോടുള്ള അപേക്ഷ ഇത്യാദി മർമ്മപ്രധാനങ്ങളായ സംഗതികളിൽ യാക്കോബായ മാർത്തോമ്മാസഭകളുടെ വിശ്വാസം ഒന്നുതന്നെയോ? നാം നമ്മുടെജീവനെക്കാൾ, ജീവിതത്തെക്കാൾ, രക്തത്തെക്കാൾ, ശ്വാസോച്ഛ്വാസത്തെക്കാൾ കാര്യമായി കരുതുന്ന വിശ്വാസസത്യങ്ങളിൽ അവർ നമ്മോടു ഐക്യപ്പെടാതെ യോജിപ്പ് എങ്ങനെയാണു സാദ്ധ്യമാകുന്നതു? ഈ വിശ്വാസം അവരും മററു കേരളസഭകളും സമ്മതിക്കുമെങ്കിൽ ഹാ! അങ്ങനെയുള്ള ഐക്യം എത്ര സ്വാഗതാർഹമായിരിക്കും! അതു എത്ര ആസ്വാദ്യകരമായിരിക്കും!! ആ "ഐക്യത്തിന്റെ മുന്തിരിക്കുല പൂത്തു കാണുന്ന"ട്ടെ.

ഇന്നത്തെ പാത്രിയർക്കീസ് കാതോലിക്കാ കക്ഷികൾ തമ്മിൽ സംയോജിക്കുന്നതിനുള്ള സാദ്ധ്യത അവർ തമ്മിൽ വിശ്വാസവിഷയത്തിൽ വ്യത്യാസമില്ല എന്നുള്ളതാണ്. ഈ രണ്ടു കക്ഷികൾ തമ്മിൽ ഭരണപരമായ കാര്യങ്ങളിൽ മാത്രമാണു വ്യത്യാസം. ഭരണപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ച സാദ്ധ്യമാണ്. കേരളക്രൈസ്തവ സഭകളുടെ യോജിപ്പിനു ഭരണപരമായ സംഗതികൾ ബാധകമാകയില്ല.

വിശ്വാസവൈരുദ്ധ്യം സർവ്വത്ര അപലപനീയമാണെന്ന് അപ്പോസ്തോലന്മാർ പല അവസരങ്ങളിൽ പഠിപ്പിച്ചിട്ടുള്ളതാണ്. "ഈ വിശ്വാസവും കൊണ്ടല്ലാതെ ഒരുവൻ വന്നാൽ അവനെ ഭവനത്തിൽ കയററുകയോ കുശലം പറകയോ പോലും ചെയ്യരുതു" (2. യോഹ. 9.) എന്ന് വി. യോഹന്നാൻ ആജ്ഞാപിക്കുന്നു. "ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗലാ. 6: 8—9) എന്നു വി. പൗലൂസ് പറയുന്നു. "വിവാഹബന്ധങ്ങൾകൊണ്ടും മററു മാംസത്തിൽനിന്നു മാംസവും രക്തത്തിൽനിന്നു രക്തവുമായി"ത്തീർന്നിട്ടുള്ള ഐക്യപ്രണേതാക്കൾ അവരുടെ പ്രണയിനികളുടെ വലകളിൽ കുടുങ്ങിപ്പോകുന്നതു ദലീലായുടെ മടിയിൽ ശയിച്ച ശിംശോനു ഭവിച്ചതുപോലെ ആപൽക്കരമായിരിക്കും. സഭാമേലദ്ധ്യക്ഷനായ വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു ഇടയലേഖനങ്ങൾ വഴിയായും പ്രസംഗങ്ങൾ മൂലവും ഈ വേഴ്ചയുടെ അനാശാസ്യതയെപ്പററി ഒന്നിലധികം പ്രാവശ്യം തന്റെ മക്കളെ അറിയിച്ചിട്ടുള്ളതാണ്. വി. പൗലൂസ് അപ്പോസ്തോലൻ അവിശ്വാസികൾ-അഥവാ-വിശ്വാസവിപരീതികളുമായുള്ള വേഴ്ചയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു കാണുക "നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ ചേരരുതു" (2കൊരി 6:14) അപ്പോസ്തോലന്മാരുടെ കല്പന സഭയുടെ കല്പനയാണ്. സഭയെ കേൾക്കാത്തവൻ നമുക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ എന്നാണു കർത്താവു കല്പിക്കുന്നതു. നമ്മുടെ കർത്താവു ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ അനർഘങ്ങളായ തന്റെ കല്പനകളെ തന്റെ സ്വന്തജാതിക്കു നൽകി. എങ്കിലും അനേകരും അവയെ തള്ളിക്കളഞ്ഞപ്രകാരം സഭയുടെ ഈ കല്പനകൾ അനുസരിക്കാത്ത അനേകരുണ്ടു. എന്നാൽ കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കും. കേൾക്കാത്തവൻ ചുങ്കക്കാരനും കാവ്യനുമായിരിക്കും.

സർ, ഞാൻ ഈ ലേഖനമെഴുതുന്നതു മാർത്തോമ്മാ സഭയോടോ മററതെങ്കിലും സഭയോടോ ഉള്ള വിദ്വേഷം നിമിത്തമോ താരകയിലെ യാക്കോബായ ലേഖകനുമായി ഒരു വാദപ്രതിവാദം നടത്തുന്നതിനോ വേണ്ടിയല്ല ഇ

വാർത്തകളും കുറിപ്പുകളും

16-ാമത് ഓർമ്മപ്പെരുനാൾ.

കാലം ചെയ്ത സഭാഭാസുരൻ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ 16-ാമത്തു ശ്രാദ്ധപ്പെരുനാൾ ഈമാസം 13-ഉം 14-ഉം തീയതികളിൽ ആഘോഷപൂർവം കൊണ്ടാടപ്പെട്ടു. 13-ാം തീയതി സന്ധ്യാപ്രാർത്ഥന, റാസ എന്നിവയ്ക്കുശേഷം കെങ്കേമമായ കരിമരുന്നുപ്രയോഗം നടന്നു. 14-ാം തീയതി വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടും മാർ തീമോത്തിയോസ് മാർ തേവോദോസ്യോസ് എന്നീ തിരുമേനിമാരും മേൽ മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കാലംചെയ്ത പരിശുദ്ധ പിതാവിന്റെ നിഷ്ഠപൂർവമായ ജീവിതത്തെ പരാമർശിച്ചു സുദീർഘമായി പ്രസംഗിച്ചു. റാസ, ആശീർവാദം എന്നിവയോടുകൂടി പെരുനാൾ ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു

പട്ടംകൊട.

കോയമ്പത്തൂർ തടാകം ആശ്രമാദ്ധ്യക്ഷനായ റവ. ഡീക്കൻ കെ. സി. വറുഗീസ് ബി. ഏ. അവർകൾക്കു ആശ്രമം ചാപ്പലിൽവച്ചു മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈമാസം 8-ാം തീയതി കശീശാപ്പട്ടം നൽകിയിരിക്കുന്നു.

ങ്ങനെയുള്ള ഘട്ടങ്ങളിൽ ഈദൃശമായ യോജിപ്പിനുള്ള സാദ്ധ്യതകളെപ്പററി സഭയിലെ വിശ്വാസത്തിന്റെ കാവൽക്കാരായ വന്ദ്യമേല്പട്ടക്കാരെ സമീപിച്ചു സംശയനിവൃത്തി വരുത്തേണ്ടതിനുപകരം ഇതരസഭകളുടെ മാസികാപംക്തികളിൽ കയറി വിഹരിക്കുന്നതു സഭാമക്കൾക്കു യോജിച്ചതല്ല എന്നു കാണിക്കുവാൻ വേണ്ടിമാത്രമാണ്. കേരള ക്രൈസ്തവ സഭകളിൽ നമ്മുടെ സഭയോടു വിശ്വാസത്തിൽ മാർത്തോമ്മാക്കാരെയും സൗത്ത് ഇൻഡ്യൻ യൂണിയൻ ചർച്ചിനെയുംകാൾ റോമൻ കത്തോലിക്കരാണു കൂടുതൻ അടുത്തവർ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്തുകൊണ്ട് ഈ ഐക്യകേരള ക്രൈസ്തവ യോജിപ്പിൽ അവരെക്കൂടെ പങ്കുപിടിക്കുന്നില്ല? അവരുടെ ഇടയിൽ യുവാക്കന്മാരില്ലയോ? കാരണം ഇക്കൂട്ടർക്കറിയാം. റോമൻകത്തോലിക്കർ ഐക്യത്തിനുവേണ്ടി വിശ്വാസം വിററതിന്നൊരുങ്ങില്ല. കാതലായ വിശ്വാസത്തിൽ ഏതെങ്കിലും ഒരു സംഗതിയിൽ ഐക്യപ്പെടുവാൻ സാധിക്കുന്നില്ലെങ്കിൽ അത് അനപഹാസ്യമായിരുന്നുകൊള്ളട്ടെ" എന്ന മി. ഐക്കിന്റെ തത്വം അവിടെ ചെലവാകയില്ല. ഇതര സഭകളുമായുള്ള വിവാഹബന്ധം അവർ അനുവദിക്കാത്തതുകൊണ്ട്, അവർ സുദൃഢമായി നിൽക്കുന്നു. ഇസ്രായേൽജനം അവരുടെ വിശ്വാസത്തിൽനിന്നു വ്യതിചലിക്കാതിരിക്കേണ്ടതിന് മോശമൂലം ദൈവം അവർക്കു കൊടുത്ത സർവ്വപ്രധാനമായ നിർദ്ദേശം "അവരുമായി വിവാഹബന്ധം ചെയ്യരുത്, നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു നിങ്ങൾ കൊടുക്കരുത്, അവരുടെ പുത്രിമാർ നിങ്ങളുടെ പുത്രന്മാർക്കായിത്തീരുകയുമരുത്" എന്നായിരുന്നു. (ആവ. 7: 3) കാലം കടക്കവേ എസ്രായും (9: 12) നെഹമ്യായും (13: 25) അവരെ അതു ശക്തിയായി അനുസ്മരിപ്പിക്കുകയും ചെയ്തു എന്നാൽ ഈ ഉപദേശം നമ്മുടെ സഭാംഗങ്ങളിൽ പലരും ലംഘിച്ചു കാണുന്നതു ഖേദജനകമാണ്. വിവാഹാദി വിഷയങ്ങളിൽ നമ്മുടെ സഭ നിഷ്കൃഷ്ടമായ ഒരു നില സ്വീകരിക്കേണ്ടതു സഭയുടെ ഭാവി നിലനില്പിനും സത്യവിശ്വാസസ്ഥിരതയ്ക്കും അത്യാവശ്യമാണെന്നുള്ളതു അനുഭവംകൊണ്ടെങ്കിലും നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മർക്കോസ് കരുവിള.

എരുത്തിക്കൽ, കോട്ടയം
23 - 2 - 1950.

അനുസ്മരിപ്പിൻ !!

"നമ്മുടെ സഭയുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതല നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു."

(മാർ ഗീവറുഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അന്ത്യസന്ദേശത്തിൽനിന്ന്)

കായങ്കുളത്തു പരുത്തിമൂട്ടിൽ ദി. ശ്രീ. തോമസ് ശെമ്മാശൻ അവർകൾക്കു 125 മകരം 29-ാംതീയതി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പാമ്പാടി ദയറായിൽവച്ചു കശീശാപ്പട്ടം നൽകിയിരിക്കുന്നു.

നവപൂജാർപ്പണം.

റവ. ഫാദർ ജോർജ്ജ് പായിക്കാട്ട് അവർകളുടെ നവപൂജാർപ്പണം കുംഭം 7-ാംതീയതി കന്നുകുഴി ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽവച്ചു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ നടന്നിരിക്കുന്നു.

ബാവാ തിരുമനസ്സിലെ സൽക്കാരം

കോളജ് വിദ്യാർത്ഥികൾക്കു്.

കോട്ടയം സി.എം.എസ്. കോളജിലെ യാക്കോബായ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് ഒരു ഉദ്യാനവിരുന്നു നൽകി. തദവസരത്തിൽ കമ്മ്യൂണിസത്തോടു് എതിർക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും, സത്യവിശ്വാസത്തിൽ സുസ്ഥിരമായി നിൽക്കേണ്ടതിനെപ്പററിയും പരിശുദ്ധ പൗലൂസ് അപ്പോസ്തോലനെപ്പോലെ സത്യത്തിനുവേണ്ടി നിൽക്കുകയും പൊരുതുകയും ചെയ്യേണ്ടതിനെപ്പററിയും, സഭയോടു വിശ്വസ്തരായിരിക്കേണ്ടതിനെപ്പററിയും ഉപദേശരൂപേണ സുദീർഘമായി പ്രസംഗിക്കയുണ്ടായി.

....

(രണ്ടാംപേജിൽനിന്നും)

കൊണ്ടു സഭാമാതാവിനു ഭക്തിനിർഭരമായ സേവനങ്ങൾ സമർപ്പിച്ചുകൊള്ളാമെന്നുള്ള വിശ്വാസപ്രതിജ്ഞകളായിരിക്കട്ടെ. സഭയുടെ പുരോഗമനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംഭാവനകൾ അന്നു ഹൃദയപൂർവം സമർപ്പിക്കപ്പെടണം. "സന്തോഷത്തോടുകൂടി കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." സഭാപുരോഗമനത്തിൽ ഓരോ വ്യക്തിക്കുമുള്ള ആകാംക്ഷയെ ദ്യോതിപ്പിക്കുമാറു് അന്നു ഉന്മേഷപൂർവമുള്ള ഘോഷയാത്രകൾ നടത്തപ്പെടണം. തീർച്ചയായും ഭാസുരമായ ഒരു ഭാവി നമ്മുടെ സഭയ്ക്കുണ്ടു് അതു വിദൂരമല്ലതാനും. ഇന്നത്തെ ക്ലേശങ്ങൾക്കെല്ലാം ഒരു പ്രതിശാന്തി ഉണ്ടാകും. ഭക്തനും പരിശുദ്ധനുമായ ഒരു കാതോലിക്കാബാവാതിരുമേനിയാണു് ഇന്നു കാതോലിക്കാസിംഹാസനത്തിൽ വാണരുളുന്നതു്. അടിയുറച്ച ദൈവാശ്രയത്തോടുകൂടിയാണു് വി. പിതാവു നമ്മെ നയിക്കുന്നതു് എന്നുള്ളതു നമുക്കു് ആശ്വാസകരമത്രെ. വി. പിതാവു ദീർഘനാൾ ജീവിച്ചിരുന്നു മലങ്കരസഭയെ വഴി നടത്തുവാൻ നമുക്കു പ്രാർത്ഥിക്കാം. തിരുമനസ്സിലേക്കു ദൈവം ആരോഗ്യവും ദീർഘായുസ്സും നൽകട്ടെ. കാതോലിക്കാസ്ഥാപനം വിജയിപ്പൂതാക! മലങ്കരസഭ വിജയിപ്പൂതാക!!

The Malankara Sabha.

License No. 475 dated 11 th April 1946 -- Reg. No- T- 61

വിജ്ഞാപനം

വരിസംഖ്യ മുൻകൂർ. ഒരാണ്ടത്തേക്ക്	3 0 0
അറുമാസത്തേക്ക്	1 8 0
തപാൽ	3 8 0
ഒററപ്രതി	0 4 0

വരിസംഖ്യ, മാനേജർ "മലങ്കര സഭാമാസിക"—സുറിയാനി സിമ്മനാരി—കോട്ടയം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

സമുദായാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന വാർത്തകളും, ചെറുകഥകളും, കവിതകളും, സഭയുടെ വിശ്വാസാചാരങ്ങൾ, കുടുംബജീവിതം, സ്ത്രീസമാജങ്ങൾ, യുവജനസമാജങ്ങൾ, സണ്ടേസ്കൂൾ പ്രവർത്തനം ഇവയെ പ്രതിപാദിക്കുന്ന ഉത്തമലേഖനങ്ങളും ക്ഷണിച്ചുകൊള്ളുന്നു.

ലേഖനങ്ങൾ തലേമാസം 25-ാംതീയതിക്കകം കിട്ടത്തക്കവിധത്തിൽ "പത്രാധിപർ, മലങ്കരസഭാമാസിക സുറിയാനിസിമ്മനാരി-കോട്ടയം" എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

ദുഃഖവെള്ളിയാഴ്ച സ്ലീബാവന്ദനവിധിയുടെ ഗീതങ്ങൾ.

സമുദായആഫീസിൽ നിന്നും വി. കാതോലിക്കാബാവാ തിരുമനസ്സിലെ ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നു.

സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക സുറിയാനിലയത്തിൽതന്നെ ലളിതമായും അർത്ഥപുഷ്ടിയോടും കൂടി വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

പരിഭാഷകൻ:— ദി. ശ്രീ. വി. കെ. മത്തൂസ് കശ്ശീശാ ബി. എ. ബി. ഡി.

വിവർത്തകൻ:—ശി. സി. പി. ചാണ്ടി, വെണ്ണിക്കുളം.

ആവശ്യക്കാർ സമുദായ ആഫീസ്, കോട്ടയം എന്ന വിലാസത്തിൽ എഴുതുക. (വില അണ 3)

പള്ളിമെഴുകുതിരികൾ

വന്ദ്യപിതാക്കന്മാരുടെ ആശിസ്സുകൾ സിദ്ധിച്ചിട്ടുള്ളതും നിർമ്മലമായ മെഴുകുകൊണ്ട് ഉത്തരവാദിത്വത്തോടുകൂടി ഞങ്ങൾ ഉണ്ടാക്കുന്നതുമായ എല്ലാ സൈസ് പള്ളിമെഴുകുതിരികളും ഓർഡർ അനുസരിച്ചു ചെയ്തു കൃത്യസമയത്തു സ്ഥലത്തു എത്തിച്ചുകൊടുക്കുന്നതാണ്.

മാനേജർ,

കേരള കാൻഡിൽവർക്ക്സ്, അയ്ക്കരച്ചിറ, ഒളശ്ശ—കോട്ടയം.

കൂദശ് ഈത്താ മുതൽ ആനിദവരെയുള്ള എല്ലാ ഞായറാഴ്ചകളിലെയും നമസ്കാരങ്ങളിൽ ഉപയോഗിക്കേണ്ട

—പ്രുമിയോൻ—

ഭക്തിസംവർദ്ധകവും വിജ്ഞാനസംപൂർണ്ണവുമായ ഈ ഉത്തമഗ്രന്ഥം ഉത്തമ ക്രിസ്തീയ ജീവിതത്തിനു പ്രയോജനം നൽകുന്നതാണ്. താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

വില 3 രൂ. 8 ണ. പഴയസിമ്മനാരി, കോട്ടയം.

Printed at the Town Press, Kottayam, and Published by the Rev. Fr. T. C. Jacob, Manager, Syrian Seminary, Kottayam.